# ശംഖൊലി



## ലിറ്റിൽ കൈറ്റ്സ്

## ഗവ.ഹയർ സെക്കന്ററി സ്കൂൾ കാട്ടിക്കുളം



**കാട്ടിക്കുളം ഗവ.ഹയർ സെക്കന്ററി സ്കൂൾ 63 വർഷങ്ങൾ**

**പിന്നിടുമ്പോൾ.....**

**സ്കൂളിനെ ഇന്നുകാണുന്ന പ്രതാപത്തിലേക്ക് നയിച്ച**

**സ്ഥാപകനേതാക്കളേയും**

**മറ്റ് അഭ്യുദയകാംക്ഷികളേയും സ്നേഹത്തോടെ സ്മരിക്കട്ടെ.**

**സ്കൂൾ ഹൈടെക്ക് പദവിയിലെത്തിയിരിക്കുന്ന ഈ വേളയിൽ**

**ഗുരുവര്യന്മാർക്ക്...**

**നാട്ടുകാർക്ക്....**

**പൂർവവിദ്യാർഥികൾക്ക്....**

**സ്നേഹസമ്പന്നരായ എല്ലാ പ്രിയപ്പെട്ടവർക്ക്....**

**ഈ ഡിജിറ്റൽ മാഗസിൻ സമർപ്പിക്കട്ടെ.**

**കടപ്പാട് : സ്കൂൾ വിദ്യാരംഗം കലാസാഹിത്യവേദി**

# സന്ദേശം



ഒ.ആർ.കേളു


എം.എൽ.എ. മാനന്തവാടി

പൊതുവിദ്യാഭ്യാസ സംരക്ഷണയജ്ഞത്തിന്റെ ഭാഗമായി സ്ക്കൂളുകളെല്ലാം ഹൈടെക്ക് നിലവാരത്തിലേക്ക് ഉയർന്നുകൊണ്ടിരിക്കുകയാണ്. വിവരവിനിമയ സാങ്കേതിക വിദ്യയിലധിഷ്ഠിതമായ പഠനം ക്ലാസ്മുറികളെ ഏറെ സജീവവും ആകർഷകവും മികവുറ്റതുമാക്കിയിരിക്കുന്നു. ഇതിനോടനുബന്ധിച്ച് രൂപീകരിക്കപ്പെട്ട ലിറ്റിൽ കൈറ്റ്സ് ഐ.ടി യൂണിറ്റുകൾ ശ്രദ്ധേയമായ പ്രവർത്തനങ്ങളാണ് സംഘടിപ്പിച്ചുകൊണ്ടിരിക്കുന്നത്. വിദ്യാലയത്തിലെ മികവുകളെല്ലാം കോർത്തിണക്കിക്കൊണ്ട് സംസ്ഥാനത്തെ സ്ക്കൂളുകളിലെല്ലാം ഡിജിറ്റൽ മാഗസിനുകൾ പ്രകാശനം ചെയ്യുകയാണ്. കാട്ടിക്കുളം ഗവ. ഹയർ സെക്കന്ററി സ്ക്കൂളിൽ ലിറ്റിൽ കൈറ്റ്സ് ഐ.ടി യൂണിറ്റിന്റെ നേതൃത്വത്തിൽ ഡിജിറ്റൽ മാഗസിൻ തയ്യാറാക്കുന്നതിൽ ഏറെ സന്തോഷമുണ്ട്. ഇതിനായി പ്രയത്നിച്ച എല്ലാ വിദ്യാർഥികൾക്കും അധ്യാപകർക്കും മറ്റ് അഭ്യുദയകാംക്ഷികൾക്കും ഒരായിരം ആശംസകൾ.



ഒ.ആർ.കേളു

# ആശംസകൾ



എ.എൻ.പ്രഭാകരൻ

ഡിവിഷൻ മെമ്പർ,വയനാട് ജില്ലാ പഞ്ചായത്ത്

വയനാട് ജില്ലാ പഞ്ചായത്തിലെ കാട്ടിക്കുളം ഗവ. ഹയർ സെക്കന്ററി സ്കൂളിൽ ലിറ്റിൽ കൈറ്റ്സ് ഐ.ടി യൂണിറ്റിന്റെ നേതൃത്വത്തിൽ ഡിജിറ്റൽ മാഗസിൻ നിർമിക്കുന്ന എന്നറിഞ്ഞതിൽ സന്തോഷം.ഇതിന്റെ ഭാഗമായ മുഴുവൻ കുട്ടികൾക്കും അധ്യാപകർക്കും ആശംസകൾ.



സിജിത്ത് കെ

പി ടി എ പ്രസിഡണ്ട്

തിരുനെല്ലി പഞ്ചായത്തിലെ കാട്ടിക്കുളം ഗവ. ഹയർ സെക്കന്ററി സ്കൂൾ ഹൈടെക്ക് പദവിയിലേക്ക് ഉയർന്നിരിക്കുകയാണ്. ടെക്നോളജിക്ക് വളരെയധികം പ്രാധാന്യമുള്ള ഈ കാലഘട്ടത്തിൽ കുട്ടികളെ മുൻനിരയിലെത്തിക്കാൻ സഹായിക്കുന്നതാണ് ലിറ്റിൽ കൈറ്റ്സ് ഐ.ടി യൂണിറ്റുകൾ. സ്കൂളിലെ ലിറ്റിൽ കൈറ്റ്സ് യൂണിറ്റിന്റെ ആഭിമുഖ്യത്തിൽ തയ്യാറാക്കുന്ന ഡിജിറ്റൽ മാഗസിന് എല്ലാ ആശംസകളും നേരുന്നു.



വി ജെ തോമസ്

ജില്ലാ കോർഡിനേറ്റർ,കൈറ്റ്സ്


കാട്ടിക്കുളം ഗവ. ഹയർ സെക്കന്ററി സ്കൂളിലെ ലിറ്റിൽ കൈറ്റ്സ് യൂണിറ്റിന്റെ നേതൃത്വത്തിൽ തയ്യാറാക്കുന്ന ഡിജിറ്റൽ മാഗസിന് എല്ലാ ആശംസകളും നേരുന്നു.

# ആശംസകൾ



ലൂസി സി ടി
പ്രധാനാധ്യാപിക

വിദ്യാഭ്യാസ പ്രക്രിയയിൽ വിവരവിനിമയ സാങ്കേതികവിദ്യയുടെ അനന്തമായ സാധ്യതകൾ പ്രയോജനപ്പെടുത്തി പൊതുവിദ്യാഭ്യാസത്തിൻെറ ഗുണനിലവാരം ഉറപ്പുവരുത്തുന്നതിനായി ഓരോ വിദ്യാലയവും ഹൈടെക്ക് വിദ്യാലയമായി മാറിക്കൊണ്ടിരിക്കുകയാണല്ലോ.വിവരവിനിമയ സാങ്കേതിക വിദ്യയുടെ ഉപയോഗത്തിലും പ്രയോഗത്തിലുമുള്ള വിദ്യാർത്ഥികളുടെ അതിയായ താത്പര്യത്തെ ശരിയായി വളർത്തിയെടുക്കുന്നതിനും സമൂഹനന്മയ്ക്കായി പ്രയോജനപ്പെടുത്തുന്നതിനും ലക്ഷ്യമാക്കി പ്രവർത്തിക്കുന്ന ലിറ്റിൽ കൈറ്റ്സ് കാട്ടിക്കുളം യൂണിറ്റ്, വിദ്യാലയത്തിലെ വിദ്യാർത്ഥികളുടെ സർഗ്ഗസൃഷ്ടികൾ കോർത്തിണക്കി ശംഖൊലി എന്ന പേരിൽ ഒരു മാഗസിൻ പ്രസിദ്ധീകരിക്കുന്നു എന്നറിയുന്നതിൽ സന്തോഷം .ഈ ഉദ്യമത്തിന് എല്ലാ ഭാവുകങ്ങളും നേരുന്നു.



സി കെ ശങ്കരൻ
സെക്രട്ടറി, കാട്ടിക്കുളം പബ്ലിക് ലൈബ്രറി

എന്റെ വിദ്യാലയം സാംസ്കാരിക പുരോഗതിയുടെ പടവുകളിലേക്ക്-കാട്ടിക്കുളം ജി എച്ച് എസ് വിദ്യാരംഗം കലാസാഹിത്യവേദിയുടെ ശംഖൊലി കയ്യെഴുത്ത് മാസിക ഡിജിറ്റലാക്കുന്ന ഈ വേളയിൽ എന്റെ വ്യക്തിപരമായും കാട്ടിക്കുളം പബ്ലിക് ലൈബ്രറിയുടേയും ആശംസകൾ നേരുന്നു.

# ആശംസകൾ



മേരി കെ യു.
വിദ്യാരംഗം കൺവീനർ

കാട്ടിക്കുളം ഗവ. ഹയർ സെക്കന്ററി സ്കൂളിലെ വിദ്യാരംഗം കലാസാഹിത്യവേദിയുടെ ആഭിമുഖ്യത്തിൽ തയ്യാറാക്കിയ കയ്യെഴുത്തുമാസികയാണ് ശംഖൊലി. സ്കൂളിലെ ലിറ്റിൽ കൈറ്റ്സ് ഐ.ടി യൂണിറ്റ് ഈ മാഗസിൻ ഡിജിറ്റലാക്കുന്നു എന്നത് ഏറെ മഹത്വമർഹിക്കുന്നു. വിവരവിനിമയസാങ്കേതികവിദ്യ വളരെയധികം മുന്നേറിയ ഈ കാലഘട്ടത്തിൽ ഇത്തരം പ്രവർത്തനങ്ങൾ സ്തുത്യർഹവുമാണ്. ഡിജിറ്റൽ മാഗസിൻ ടീമിലെ എല്ലാ അംഗങ്ങൾക്കും മംഗളാശംസകൾ.

## എഡിറ്റോറിയൽ



ശംഖൊലി....ഡിജിറ്റലാവുകയാണ്.

പ്രകാശനത്തിനുമുമ്പ് ചിലതു പറയട്ടെ....
വിദ്യാരംഗം കലാസാഹിത്യവേദിയുടെ
ആഭിമുഖ്യത്തിൽ ഈ വർഷം ഹൈസ്കൂൾ
വിഭാഗത്തിലെ കുട്ടികൾ തയ്യാറാക്കിയ
കയ്യെഴുത്തുമാസികയാണ് ശംഖൊലി.
ഇതിലധികവും കഥകളും കവിതകളും
ചിത്രങ്ങളുമാണ്.
വൈവിധ്യമാർന്ന രചനകൾ ഉൾക്കൊള്ളിക്കാനുള്ള സാവകാശം
പ്രളയത്തിലൂടെ ഒഴുകിപ്പോയതിൽ ഖേദമുണ്ട്.
കലാവേദിയുടെ നേതൃത്വത്തിൽ വർഷം തോറും
കയ്യെഴുത്തുപ്രതികൾ പ്രകാശനം ചെയ്യപ്പെടാറുണ്ടെങ്കിലും
ഡിജിറ്റലൈസേഷൻ ഇതാദ്യമായാണ്.
ലിറ്റിൽ കൈറ്റ്സ് യൂണിറ്റിലെ ഞങ്ങൾ നാല്പതുപേരുടെ
കഠിനപരിശ്രമത്തിലൂടെയാണ് ഈ പ്രവർത്തനം പൂർത്തിയായത്.
ഞങ്ങളോടൊപ്പം നിന്നു അധ്യാപകർ.
ബാലാരിഷ്ടതകൾ ഏറെയുണ്ട്.
തിരുത്തലുകൾ ആവശ്യമായേക്കാം.
വിമർശനങ്ങൾക്ക് ഞങ്ങൾ കാതോർക്കുന്നു.
ഈ കൊച്ചുകർമസാഫല്യത്തിൽ
ഏറെ സന്തോഷപൂർവം..........

ചൈത്ര പി ആർ
എഡിറ്റർ

## എഡിറ്റോറിയൽ ബോർഡ്

**ചൈത്ര പി ആർ**
**ആൻസി റെജി**
**അഫ്സീന റ്റി എസ്**
**കൃഷ്ണേന്ദു എ എസ്**
**അളകനന്ദ എ എം**
**അതുല്യ പ്രശാന്ത്**
**നന്ദന ഇ എസ്**
**ജിതിൻ ജോസഫ്**
**മഞ്ജിമ ബാബു**
**അനീന സജി**

## താളുകൾ മറിക്കുമ്പോൾ.........

1.പ്രകൃതി........................................................................................ 11
2. ഓർമയിലൂടെ കുടിയിറക്കപ്പെട്ടവർ ........................................ 12
3.സ്നേഹബന്ധത്തിലും ജാതിയോ? ............................................ 13
4.കലർപ്പില്ലാത്ത സൗഹൃദം ......................................................... 14
5.പ്രതീക്ഷ ......................................................................................... 15
6. അവർ കുടിയിറക്കപ്പെട്ടവർ ......................................................... 16
7.അഗാധമായ നിലവിളി .................................................................. 17
8.ക്രൂരമായ വിധി ................................................................................. 19
9.ഒന്നും സഹിക്കാനാവാതെ .............................................................. 21
10.തീജ്വാല ............................................................................................ 22
11.കഷ്ടങ്ങൾ .........................................................................................23
12.ജീവിതം പഠിപ്പിച്ച പാഠങ്ങൾ .......................................................... 24
13.കാടിന്റെ മക്കളുടെ കരച്ചിൽ .......................................................... 25
14. അയാൾ വന്നൃ ആ ദിവസം ........................................................ 26
15. നൊമ്പരം ....................................................................................... 27
16.അദ്ധ്വാനത്തിന്റെ കുടിയിറക്കം .................................................. 28
17. നിലാവ് മായാത്ത രാവ് ............................................................ . 30
18.ഉറങ്ങാത്ത രാത്രി ............................................................................ 31
19.പ്രകൃതി ............................................................................................ 32
20.സ്വപ്നം ............................................................................................. 33
21.വിട .................................................................................................... 35
22. ശാന്തമായ രാത്രി ............................................................................ 36
23.സ്വപ്നാഗ്നി .........................................................................................37
24.മനുഷ്യൻ ............................................................................................ 38
25. വർണച്ചിറകുകൾ ............................................................................ 39
26.നിശബ്ദമാം വിട ............................................................................... 40

27.നഷ്ടം ........................................................................................ 41
28.തീരാദുഃഖവും കുടിയിറക്കവും ............................................................ 43
29. കുതിരവും വേലായുധനും ...................................................... 44
30. അനാഥത്വത്തിന്റെ പ്രതീകം ................................................ 46
31. അശാന്തതയിലെ കണ്ണുകൾ ................................................... 48
32. സുന്ദരി ........................................................................................ 49
33. സഹിക്കവയ്യാതെ ...................................................................... 50
34. കുടിയിറക്കപ്പെട്ടവന് കിട്ടിയ വരം .......................................... 51
35. ആറടി മണ്ണിനായി ...................................................................... 52
36. നഷ്ടപ്പെട്ട ജീവിതം .................................................................... 54
37. കുടിയിറക്കപ്പെട്ടവർ ................................................................ 55
38 ഇനി എന്ത് ? ................................................................................ 56
39. സ്വപ്നം ........................................................................................ 57
40. അറിയാതെ പോയ നാളുകൾ ...................................................... 58
41. ഞങ്ങടെ ഭൂമി ...............................................................................60
42. അനാഥത്വം ..................................................................................... 62
43. അങ്ങനെ നീലാംബരി സ്വപ്നമായി .............................................64
44. നീറുന്ന വേദനകൾ ........................................................................ 66
45. അവർ അനാഥർ ...............................................................................68
46. പോയ ദിനങ്ങളിലൂടെ ......................................................................71
47. ലിറ്റിൽ കൈറ്റ്സ് പ്രവർത്തനങ്ങളിലൂടെ ............................... 73

# പ്രകൃതി



തൻഷീന
9.ബി

കാടും പുഴയും പൂക്കളും മലയും
എന്നേക്കുമായിന്ന് പോയ്മറഞ്ഞു
കാട്ടിലോ നാട്ടിലോ പൂക്കളില്ല
മലയിലോ ഇന്ന് മരവുമില്ല
ഇവിടെ മനുഷ്യർ കുന്നിടിക്കുന്നു
നിരത്തുന്നു ഫ്ലാറ്റുകളുയരുന്നു
പച്ചപിടിച്ചുള്ള നമ്മുടെ നാടിന്ന്
ഒന്നുമല്ലാതായിപ്പോകുന്നു
മനുഷ്യരെല്ലാമിന്ന് തെരുവിലായി
വീടും കുടിലും നഷ്ടമായി
നമ്മുടെ കേരളം എങ്ങോപോയി
മഞ്ഞും പുഴയും കുളവുമെല്ലാം
മലിനമായ് തീർത്തു മനുഷ്യരിന്ന്
എന്നിട്ടും മാനവർക്കെല്ലാമിന്ന്
ഒന്നുമറിയില്ലെന്നുള്ള ഭാവം.

# ഓർമ്മയിലൂടെ കുടിയിറക്കപ്പെട്ടവർ



**അലോക് എസ് സത്യ**

**10 ബി**

ഇന്ന് ഇവിടെ ഈ ഇരുട്ടിൻെറ ഏകാന്തതയിൽ നിന്ന് പ്രഭാതം വിടരുമ്പോൾ അപ്പുണ്ണിയുടെ മനസ്സ് ചിന്തിച്ചു.ഇന്ന് പ്രഭാതം വിടരുമ്പോൾ തോമസ് മുതലാളിയുടെ മുഖത്തിലും മനസ്സിലും ഒരു പുഞ്ചിരി വിടരും.അതേ സമയം എൻെറ കൂട്ടുകാർ അമ്മമാർ , അച്ഛൻമാർ, സഹോദരന്മാർ എന്നിവരുടെ മനസ്സിൽ ഒരു വിഭ്രാന്തിയും. കണ്ണുകളിൽ നിന്ന് നീരൊഴുകുകയും ചെയ്യും. ഇരുട്ടിൻെറ ഏകാന്തതയിൽ അപ്പുണ്ണി ഇത് ചിന്തിക്കുമ്പോൽ പ്രഭാതം വന്നെത്തി.ആ പ്രദേശത്തെ രസകരമായ സന്ദർഭങ്ങൾ അപ്പുണ്ണി ഓർത്തു. അതോരോർമ്മ മാത്രമായി അപ്പുണ്ണി മനസ്സിൽ സൂക്ഷിച്ചു.അവൻ എഴുന്നേറ്റ് പഴക്കമേറിയ ജനാന തുറന്നപ്പോൾ തൻെറ വേണ്ടപ്പെട്ടവർ പായും മറ്റു സാധനങ്ങളുമായി നിൽക്കുന്നു.താൻ ചിന്തിച്ചതുപോലെ വിഭ്രാന്തിയും കണ്ണുനീരും ഒഴുകുകയും ചെയ്യുന്നുണ്ടായിരുന്നു. അവൻ എഴുന്നേറ്റ് കിട്ടുന്ന സാധനങ്ങളും എടുത്ത് പുറത്തിറങ്ങി.വളരെ പ്രായമായ ആ വാകമരത്തിൻെറ ചുവട്ടിൽ ഉറങ്ങുന്ന അമ്മയുടെയും അച്ഛൻെറയും കാൽപാദത്തിലെ ഒരു പിടി മണ്ണ് എടുത്ത് ഒരുപാട് കരഞ്ഞു. മതിയാവോളം കരഞ്ഞുതീരുമ്പോഴേക്കും ഒരു വലിയ ലോറിയും കുറേ പോലീസുകാരും തോമസ് മുതലാളിയും അവിടെ എത്തി.എല്ലാ ജനങ്ങളെയും മൃഗങ്ങളെയും കുത്തിനിറച്ച് പോകുന്നതുപോലെ അവസാനം എന്നെയും ആ ലോറിയിലേക്ക് വലിച്ചെറിഞ്ഞു. രാഘവേട്ടൻെറയും ഭവാനിചേച്ചിയുടെയും കുഞ്ഞുണ്ണിയുടെയും മുഖം ദേഷ്യം കൊണ്ട് ചുമക്കുന്നത് ഞാനാദ്യമായി കണ്ടു. വണ്ടി മുന്നോട്ട് നീങ്ങി. ജെസിബിയുടെ മൂർച്ചയേറിയ ഭാഗം വീടിൻെറ ഭിത്തി തുളച്ചു കയറുന്നത് കാണുമ്പോൾ എൻെറ ഹൃദയം പൊട്ടുന്നതായി തോന്നി.ലോറി റെയിൽവേ സ്റ്റേഷനിലേക്ക് വന്നിരമ്പി നിന്നു.എല്ലാവരും എവിടേക്കോ പോകുന്ന തീവണ്ടിയിൽ കയറി. ഞാൻ ആ സ്റ്റേഷനിൽ തന്നെ ഇരുന്നു. തീവണ്ടി നീങ്ങി നീങ്ങി പോകുമ്പോൾ എൻെറ ഓർമ്മകളും നീങ്ങി മറഞ്ഞു.

# സ്നേഹബന്ധത്തിലും ജാതിയോ........?



അർഷിദ പി കെ
10 എ

എൻ ജാതിയാൽ ,നീ തളയ്ക്കപ്പെട്ടതോ
പ്രിയനെ.......
എൻ മതമോ പിരിക്കുന്നിതെൻ
പ്രണയത്തെ......
നിൻ മനസ്സിൽ നിന്നെന്നെ,
കുടിയിറക്കാൻ ഞാൻ എന്തുചെയ്തു.
എന്നുള്ളിലെ നിന്നുടെ സ്ഥാനം,
ഈവണ്ണമുള്ളതൊന്നുമല്ല.......
പിന്നെന്തിനു നീ എന്നെ
പടിയിറക്കുന്നു
നിന്നുടെ മനസ്സിന്റെ കോണിൽ നിന്ന്
നിന്നുള്ളിൽ ഞാനില്ലെന്നറിയുമ്പോൾ
എൻ ചങ്കുതകരുന്നു പ്രിയനെ......

# കലർപ്പില്ലാത്ത സൗഹൃദം



ഫാത്തിമത്ത് മിസരിയ
10 എ

ഒരു നാട്ടുംപുറത്തെ ബ്രാഹ്മണ കുലത്തിലാണ് ഉണ്ണിയുടെ ജനനം.തൊട്ടുതീണ്ടലുള്ള കാലമായിരുന്നു അത്.പക്ഷേ ഉണ്ണി അതിനെല്ലാം എതിരായിരുന്നു.ചെറുപ്പം മുതലേ അവൻെറ കൂട്ട് താഴ്ന്ന ജാതിക്കാരുടെ കൂടെയായിരുന്നു.അവൻെറ ഉറ്റ സുഹൃത്തുക്കൾ മീനുവും,അരുണും ആയിരുന്നു.അവർ രണ്ടുപേരും ഒരു താഴ്ന്ന കുടുംബത്തിലെ അംഗമായിരുന്നു.ഇവരോടുള്ള സൗഹൃദം ഉണ്ണിയുടെ വീട്ടിലുള്ളവർക്ക് ഇഷ്ടമായിരുന്നില്ല.പക്ഷേ അവൻ തൻെറ സൗഹൃദവും വിടാൻ തയ്യാറായതുമില്ല.

അങ്ങനെയിരിക്കെ ഉപരിപഠനത്തിനായി അവൻ ദൂരദേശത്തേക്ക് പോകേണ്ടിവന്നു.ഉണ്ണിക്ക് മീനുവിനേയും അരുണിനേയും പിരിയുന്നതിൽ വളരെ സങ്കടമായിരുന്നു.അതുപോലെതന്നെ തിരിച്ച് അവർക്കും.പഠനം പൂർത്തിയാക്കി 5 വർഷം കഴിഞ്ഞ് അവൻ നാട്ടിലേക്കെത്തി.വന്ന ഉടനെ അവൻ അന്വേഷിച്ചത് മീനുവിനേയും അരുണിനെയും ആണ്.പക്ഷേ അവന് അവരെ കണ്ടെത്താൻ സാധിച്ചില്ല.

അങ്ങനെയിരിക്കെ അവൻ മീനുവിൻെറ അച്ഛനെ കാണാൻ ഇടയായി.അവരെ കുറിച്ചറിയാൻ അവന് തിടുക്കമായിരുന്നു.അങ്ങനെ അവൻ അയാളിൽ നിന്നും ആ സത്യം അറിഞ്ഞു.മീനുവിൻെറ അച്ഛൻ അവനോട് കരഞ്ഞുകൊണ്ട് പറഞ്ഞു- മോൻ പഠനത്തിനായി പോയതിനുശേഷം മോൻെറ അച്ഛൻ മീനുവിനേയും,അരുണിനേയും കാണാൻ വന്നിരുന്നു.മോനെ ഇനി കാണരുതെന്നും മോൻ വരുന്നതിനുമുമ്പ് ഇവിടം വിട്ട് പോകണമെന്നും പറഞ്ഞു.പക്ഷേ അവർ അവിടെ നിന്ന് പോകില്ലെന്ന ഉറച്ചതീരുമാനത്തിലായിരുന്നു.അവർ കുട്ടികളെല്ലാം ചേർന്ന് ആ ദുഷ്ടൻമാർക്കെതിരെ പോരാടി.പക്ഷേ ആ ദുഷ്ടൻമാർ അവരെ കൊന്നുകളഞ്ഞു.ഉണ്ണിയുടെ കണ്ണുകളിൽ നിന്ന് കണ്ണുനീർ ധാരധാരയായി ഒഴുകി കൊണ്ടിരുന്നു.ഉണ്ണിക്ക് ഇത് സഹിക്കാനായില്ല.അവൻ ഈ ഹിംസക്കെതിരെ പോരാടി.അവൻ ആ ഹിംസക്കെതിരെ ഒടുവിൽ വിജയിക്കുകയും ചെയ്തു.ഹിംസ കാട്ടിയ തൻെറ കുടുംബത്തെ അവൻ തൻെറ മനസ്സിൽ നിന്നും എന്നെന്നേക്കുമായി പടിയിറക്കി കഴിഞ്ഞു.



# പ്രതീക്ഷ

മുഹമ്മദ് അഷ്മിൽ
10 സി

പതിവ് പോലെ ഇന്നും കുടിലിൽ നിന്നും  ഇറങ്ങി മണിയൻ "എടിയേ ശാന്തേ ഞാനിറങ്ങുകയായ്"   "ഓ  .... " ശാന്ത മറുപടി  പറഞ്ഞു. തന്റെ മക്കൾക്ക് ഒരു നേരത്തെ അന്നത്തിനായാണ്. മൂന്നാൺകുട്ടികളും ഒരു പെൺകുട്ടിയുമാണ് മണിയന്റെ കുടുംബം. മണിയന്റെ ഒരു കാലിനു തളർച്ച ബാധിച്ചിരുന്നു.തന്റെ ദാരിദ്ര്യത്തെക്കുറിച്ചും മക്കളുടെ ഒരു  നേരത്തെ  ആഹാരത്തിനും വേണ്ടിയാണ് തളർച്ച ബാധിച്ചിട്ടും ആക്രി പെറുക്കാൻ പോകുന്നത്. മുതലാളിമാരുടെ ആട്ടും തുപ്പും സഹിച്ച് ഒരോ സാധനവും പെറുക്കുമ്പോഴും മക്കളുടെ കരച്ചിൽ മനസ്സിൽ മുഴുങ്ങുന്നുണ്ടാവും. അന്തിയായാലും നൂറോ ഇരുനൂറോ കിട്ടിയാൽ ആയി. ഇന്നത്തെ കൂലിയായി കിട്ടിയത് എൺപതു  രൂപ മാത്രം. കുറച്ച് സാധനങ്ങളുമായി കുടിലിലേക്ക് മണിയൻ നടന്നു.വഴിയോരത്ത വീടു വെച്ചതിൽ പ്രതിഷേധിച്ച് പോലീസുകാരും അവരുടെ തലവൻമാരും  ദിവസംപ്രതി വന്ന് ചീത്ത പറയാറുണ്ട്. ഇതൊക്കെയും മണിയന്റെ മനസ്സിൽ ഓളിയിടുന്നുണ്ടായിരുന്നു. വീടിനടുത്തെത്തുമ്പോൾ ആ കാഴ്ച കണ്ട് മണിയൻ സ്തംഭിച്ചുപോയി. തന്റെ കുടിൽ നിലം പൊത്തിയിരിക്കുന്നു.  ഒരിടത്തു മാറി ശാന്തയും മക്കളുമിരുന്ന് കരയുന്നു. "മണിയേട്ടാ ആ പാപികൾ നമ്മുടെ കുടില് പൊളിച്ചുകളഞ്ഞു." "എന്റെ മുത്തപ്പാ ഞാനും മക്കളും എന്തു ചെയ്തിട്ടാ....ശാന്തേ ആരുമില്ലാത്തവർക്കു
ദൈവം തുണ"   അവർ മിണ്ടാതെ തെരുവിലേക്ക് നടന്നു.   "ദൈവമേ മരിക്കുന്നതിനുമുൻപ് ഒരു കുടിൽ  കാണിച്ചുതരണമേ" ആത്മഗതമെന്നപോലെ മണിയൻ പറഞ്ഞു. പ്രതീക്ഷയോടെ അവർ  മുന്നോട്ട്....

# അവർ കുടിയിറക്കപ്പെട്ടവർ

കൃഷ്ണേന്ദു എ.എസ്
9E



കേരളമിന്നു മുഴുവനും വെള്ളമായി
എത്രയോ ജീവനെടുത്തു നീ ദൈവമേ
മുങ്ങിമരിച്ചവർ വീടൊലിച്ചു പോയവർ
ദൈവത്തിൻ നാടായ കേരളം മുങ്ങിപോയ്
എല്ലായിടത്തും ശവങ്ങളാ മുഴുവനും
കളിപ്പാവ പൊങ്ങിവരുന്നതുപോലെയാ
മൃതശരീരങ്ങൾ വീടിൻെറ കോലായിമേൽ
കുടിയിറക്കപ്പെട്ടവർ ഏറെ പേരുണ്ട്
ഗർഭിണിമാരുണ്ട് അമ്മയും കുഞ്ഞും പിന്നെ
മധ്യവയസ്കരുമേറെയുണ്ട്
വീടുപോയ് നാടുപോയ്
സ്വന്തബന്ധങ്ങളും
നമ്മളെ വിട്ടവർ യാത്രയായി ....

# അഗാധമായ നിലവിളി



ആദ്യശ്യ മോൾ എ. വി
10 B

ഏഴരക്കോഴി കൂവി......നീലാകാശത്തിൽ മഞ്ഞപ്പട്ടുടുത്ത സുന്ദരി വന്നു. മണിയൻ ഞെട്ടിയുണർന്നു. കാലുകൾ നീരുവെച്ചിരിക്കുന്നു. അസഹനീയമായ വേദന,ജീവിതത്തിന് ഒരടുക്കും ചിട്ടയും ഇല്ലാത്തതുപോലെ ശൂന്യം. വാർദ്ധക്യത്തിൻെറ മടിത്തട്ടിൽ എന്തടുക്കും ചിട്ടയും!........

മണിയൻ പുറത്തേക്കിറങ്ങി. നെഞ്ചിൽ എന്തോ ഭാരം വെച്ചതുപോലെ.. ഏതോ അഗാധമായ വേദന.

"കൂയ്.........ഓഹോ...കൂയ്......,മണ്ണാത്തിയേ........,

കാളിയേ.......,പറയനേ....."

തെക്കേപ്പുറത്തിൽ നിന്ന് വിളികേൾക്കാൻ മണ്ണാത്തിയില്ല,......കോരനില്ല.....,

പറയനില്ല.

മണിയൻ വ്യസനിച്ചങ്ങനെ നിന്നു. തൻെറ മണ്ണ്, താൻ ജനിച്ചുവളർന്ന നാട്, ഒരുപാടാളുകളുടെ അധ്വാനം,ഒരുപാടാളുകളുടെ വിയർപ്പ്, എല്ലാം കൊണ്ട് കുതിർന്ന ഒരുപിടി മണ്ണ്.

മണ്ണിന് എന്ത് സംഭവിച്ചു?,മരങ്ങൾക്കുന്തു സംഭവിച്ചു?....,അവർക്കന്തേ മണിയനോടിത്ര കോപം?

എന്തിനവ ഒരിറ്റു ദാഹജലം തരുന്നില്ല?, കാവിലമ്മ കോപിച്ചതാണോ?

സംശയങ്ങൾ  സമയം പോവും തോറും നീണ്ടു നീണ്ടുപോയി...

രണ്ട് മാസത്തോളം കുതിർന്ന് കുതിർന്ന് തളർന്ന മണ്ണ്,എന്തേ ഇത്ര ദാഹിച്ചുപോയത്!

കോഴികളുടെ കൊഞ്ചലും ,കൊത്തലും, കളികളും മണിയന് അന്നാദ്യമായി അപരിചിതമായി.

എല്ലാം താൻ ആദ്യമായി കേൾക്കുന്നപോല.

മണിയൻ തോളിലൊരു തോർത്തുംഇട്ടു മുറ്റത്തിറങ്ങി. ഇടവഴിയിലൂടെ വടക്കേപ്പുറത്ത് കടന്നു.ദൂരെ നിന്ന് ആരോ വരുന്നു.മണിയൻ തുറിച്ചുനോക്കി. കെട്ടുകൾ  തലയിലെടുത്ത്

നെല്ലി വരുന്നു.

എങ്ങോട്ടാണെന്ന് മണിയൻ ചോദിച്ചില്ല.ഒരുത്തരം പോലെ നെല്ലി പറഞ്ഞു,'മണിയാ ഏന്ത ഇബിടെന്ന് പോണ്ടാന്ന്ണ്ട്, പക്കെങ്കില് വെള്ളം ഒന്ന് വാ നനയ്ക്കാൻ ബ്ടെവടാവോ'

മണിയൻ ഒന്നും പറഞ്ഞില്ല. ഏകാഗ്രമായി നടന്നു.ദൂരം നീണ്ടുപോവും തോറും ഓരോരാൾ മണിയനെ മറികടന്നുപോയിക്കൊണ്ടിരുന്നു. ചാത്തനെ കണ്ടു, പറയനെ കണ്ടു, മണ്ണാത്തിയേയും നീലിയേയും കണ്ടു.

കുടിയിറക്കപ്പെട്ടവരുടെ ദയനീയമായ അവസ്ഥയും താങ്ങി അവർ നടന്നു നടന്നുപോകുന്നു.........

അതിൽ  കിഴക്കപ്പാട്ട് കൃഷ്ണൻ നമ്പൂതിരി മണിയനോട് ചോദിച്ചു ,

“നിങ്ങള് എങ്ങട്ടാ പോണേ , തിരുവിതാംകൂരിലേക്കാണോ ? , ഞാൻ ഗുരുവായൂർക്കാണ്... വരണില്ല്യേ...”

ഇത്തരത്തിലുള്ള ചോദ്യങ്ങൾ മണിയനെ വീർപ്പുമുട്ടിച്ചു..

മണിയൻ തൻെറ കുടിലിന്റെ തിണ്ണയിലിരുന്നു. അഗാധമായ നിലവിളിയിൽ മണിയൻ ഉറക്കത്തിലായിരുന്നു.........

# ക്രൂരമായ വിധി



കൃപ കെ എം
10 ഇ

അവസാനമായപ്പോൾ ആ ഒരു വിഭാഗക്കാർ എത്തിചേർന്നത് ഞാൻ പ്രതീക്ഷിച്ച ആ വിധിയിലേക്കാണ്. ഇതുവരെ ഞാൻ കണ്ട ജനങ്ങളല്ല ഇപ്പോൾ. അവരിൽ അവർക്കു വേണ്ടി പോരാടാൻ ഞാൻ എറ്റവും മികച്ചതായി കണ്ടത് മാധവനെയായിരുന്നു. എന്നാൽ ഇന്ന് ആ മാധവൻ......

മാടക്കുന്ന് ഗ്രാമത്തിലെ എല്ലാ ജനങ്ങളും ഒരു കുടുംബത്തിലെ പോലെയാണ് കഴിഞ്ഞിരുന്നത്.ഒരു പ്രദേശത്തെ ഒരുമിപ്പിച്ച കുടുംബങ്ങൾ.എന്നാലിന്ന് ഈ വിധി കാരണം വേർപ്പെട്ടുപോയ ഒരുപാടു കുടുംബങ്ങൾ.മാധവൻ ഒരുദാഹരണമാണ്. ഈ ലോകത്തിനു സംഭവിച്ചതു് തന്നെ. മാധവൻ എങ്ങനെ അനീതിയിൽ ആഴ്ന്നിറങ്ങി? ചിന്തിക്കാൻ പോലും കഴിയുന്നില്ല.

ഗ്രാമം,കുടുംബം എന്നു പറയുമ്പോൾ മാടക്കുന്ന് എന്ന ഗ്രാമവും അവിടെയുള്ള കുടുംബങ്ങളുമാണ് ലോകത്തിൽ ഉയർന്നു നിന്നിരുന്നത്.
ജനങ്ങൾ നന്നായി പെരുമാറുന്നവരും മനുഷ്യത്വമുള്ളവരും എങ്ങനെ പ്രതികരിക്കേണ്ടതെന്ന് അറിയുന്നവരുമാണ്. ഇതെല്ലാം അവരെ പഠിപ്പിച്ചത് ഈ മാധവനാണ്. എന്നിട്ടും എന്തേ ഇങ്ങനെ?

ഈ ഗ്രാമത്തെ അശാന്തതയിൽ ഈവിധം എത്തിച്ചത് ഈ മാധവനാണ്.മാധവൻ എന്ന മനുഷ്യത്വമുള്ളവൻ എങ്ങനെ ക്രൂരനായി?

പിന്നീടാണ് അവർക്കു മനസ്സിലായത് സ്വന്തം ഗ്രാമത്തെ അതായത് ഞങ്ങളുടെ ഗ്രാമത്തെ എന്നെന്നേക്കുമായി വേരോടെ പിഴുതെറിയുന്നതിന് വേണ്ടിയാണ് മാധവൻ എന്ന പിശാച് ഉടലെടുത്തതെന്ന്. ഗ്രാമത്തിൻെറ സന്തോഷത്തെക്കാളും സമാധാനത്തെക്കാളും അവനെ ഏറ്റവും കൂടുതൽ പ്രേരിപ്പിച്ചത്
ആ ഗ്രാമത്തിൻെറ തകർച്ചയെയാണ്. അവൻെറ ആ ആഗ്രഹം സഫലമാവുകയും ചെയ്തു.അവിടെയുള്ള ആയിരക്കണക്കിന് ജനങ്ങളെ വേർപ്പെടുത്തുകയും ഇവിടുത്തെ സമാധാനത്തെയും സന്തോഷത്തെയും എകനായി നിന്നുകൊണ്ട് ധൂർത്തടിക്കുകയും ചെയ്തു.അവൻ അമ്മമാരായും ജ്യേഷ്ടത്തിമാരായും അനുജത്തിമാരായും കണ്ടവർ

അവൻെറ കയ്യിൽ പണം എത്തിച്ചേർന്നപ്പോൾ ഒരു മൃഗമായി മാറികോണ്ട് അവർക്കുവേണ്ടി വില പേശുകയും ചെയ്തു. പുരുഷൻമാരുടെ ബലത്തെക്കാളും കഠിനാധ്വാനം ചെയ്യിച്ചും അവർക്ക് വേണ്ട കൂലിയും നല്കാതെ അവരെ അടിച്ചമർത്തുകയും ചെയ്തു.ഈ പണമായിരുന്ന അവന് വേണ്ടതെങ്കിൽ ചെറു സമ്പാദ്യം പോലും നല്കാൻ അവർ തയ്യാറാകുമായിരുന്നു.ക്രൂരവിധി വന്നു ചേരുമോ എന്ന് അവർ ഭയന്നിരുന്നു.എന്നാലും മാധവൻ അങ്ങനെയുള്ളവനല്ല എന്നു പറയുമായിരുന്നു. അവരുടെ ഈ ഉറപ്പിനെ തകർത്തെറിഞ്ഞുകോണ്ട് ആ വിധി അവരെ ആകെ അട്ടിമറിച്ചു.

അങ്ങനെ മാധവനെ എന്നെന്നേക്കുമായി അമ്മയായ ഞാൻ മനസ്സിൽനിന്നും കുടിയിറക്കി,എൻെറ കൂടെ മാടക്കുന്ന് ഗ്രാമത്തിലെ ജനങ്ങളും.

# ഒന്നും സഹിക്കാനാവാതെ

വൈഷ്ണവി കെ എസ്
9 ഇ

വീട്ടിലെ സങ്കടം സഹിക്കാനാവാതെ
ഇറങ്ങി ഞാൻ പോയി ദൂരെയെങ്ങോ
അലയുന്ന ഞാനിത്തിരി ഭക്ഷണം തേടി
കൊടും പേമാരിയിൽ നിന്നു രക്ഷനേടാൻ
അലയുന്ന ഞാനൊരു വീടു തേടി
തണുത്ത കാറ്റിൻ കുളിർമയിൽനിന്നും
പീടിക വരാന്തയിൽ കിടന്നുറങ്ങി
കീറി പൊളിഞ്ഞൊരു ചാക്കു കൊണ്ട്
പുതച്ച കിടന്നു ഞാനന്നുരാത്രി
രാവിൻ പുലർച്ചയിൽ സൂര്യോദയം
വന്നു പതിച്ചു എൻ കണ്ണുകളിൽ
സന്തോഷമെൻ ചുണ്ടിൽ വിരിഞ്ഞു
പുലർച്ചെ എഴുന്നേറ്റോടി ഞാൻ
വീടിനു പിന്നാമ്പുറത്തു നിന്നു
കാർമേഘമിരുട്ടി തുടങ്ങിയപ്പോൾ
വാർന്നുവെൻ കണ്ണിലെ കണ്ണുനീര്
മഴയുടെ ചറ പറ ശബ്ദങ്ങളെൻ
കാതിലിന്നും കേൾക്കുന്നു.

# തീജ്വാല........



ജിതിൻ ജോസഫ്
10 A

ഉണ്ണിതൻ ഉള്ളിലന്നാദ്യമായി
വീണ്ട കനൽ ..
ഉണ്ണിതന്നുള്ളിടം തേങ്ങലിൽ ബാക്കിയായി
അമ്മയില്ലാതെയൊന്നില്ല, അവനിനി
അച്ഛനും മാഞ്ഞുപോയ്...
ഇരുളിടം ബാക്കിയായി....
എന്തിനീ ജീവിതമെന്നോർത്തുപോയ് പാവം...
എങ്ങോട്ടിനിയെന്ന ചോദ്യങ്ങൾ ബാക്കിയായ് .......
അച്ഛനുമമ്മയും കുടിയിറങ്ങിപ്പോയ....
കൊച്ചുകുടുംബത്തിൻ സ്വപ്നങ്ങൾ ബാക്കിയായ്.....
നിത്യമായ് ഉയരുന്ന കെട്ടിടങ്ങൾപോലെ
ഉണ്ണിതൻ നൊമ്പരം തീരാതെ ബാക്കിയായ്.....
എന്തിനീ ജീവിതമെന്നോർത്തുപോയ് പാവം
എങ്ങോട്ടിനിയെന്ന ചോദ്യങ്ങൾ ബാക്കിയായ്.......
ഇണക്കവും പിണക്കവുമില്ലാത്ത സ്വപ്നത്തിൽ
ഉണ്ണിതൻ നൊമ്പരം തീരാതെ ബാക്കിയായ്......
നിത്യവും മാറുന്ന നഗരങ്ങൾ പോലെ
ഉണ്ണിതൻ സ്വപ്നങ്ങൾ കുടിയിറങ്ങുന്നിതാ..........

# കഷ്ടങ്ങൾ



**ആൽവിൻ തോമസ്**

**8 എ**

നമ്മുടെ വീട് വെള്ളത്തിലായ്...
നമ്മുടെ നാട് വെള്ളത്തിലായ്...
നമ്മുടെ കഷ്ടങ്ങൾ സാരമില്ല
കഷ്ടങ്ങൾ സാരമില്ല
ജീവിതത്തിന്റ കഷ്ടങ്ങൾ സാരമില്ല...
പാവപ്പെട്ടവർ കഷ്ടപ്പെട്ടുണ്ടാക്കിയ...
വീട് വെള്ളത്തിലായ്...നഷ്ടമായി..
പാവങ്ങൾ തന്നുടെ വസ്ത്രമെല്ലാം
വെള്ളത്തിലായിപ്പോയല്ലോ.
എല്ലാരുമിന്ന് ഒരുകുടക്കീഴിലായല്ലോ.
എല്ലാരുമവരുടെ...വീട്ടിൽ നിന്നിറക്കപ്പെട്ടു...
കുട്ടനാടിപ്പോഴും വെള്ളത്തിലായ്...
നമ്മുടെ പ്രകൃതിയെല്ലാം നശിച്ചുപോയ് ....

# ജീവിതം പഠിപ്പിച്ച പാഠങ്ങൾ

അമിത പി എൽ
10 എ



ജീവിതം നിസ്സാരമെന്ന് കരുതരുതെന്ന് ഞാൻ പറയില്ല. നിസ്സാരമണെന്ന് കരുതുന്നവർക്ക് കരുതാം കാരണം ഞാൻ എന്റെ ജീവിതാനുഭവം കൊണ്ടാണ് ഇങ്ങനെ പറയുന്നത്.ഒരാളുടെ ജീവിതാനുഭവം മറ്റൊരാൾക്ക് ഉണ്ടാകണമെന്നില്ലല്ലോ. എങ്ങനെ വേണമെങ്കിലും ജീവിക്കാം കാരണം അതയാളുടെ ജീവിതാമാണ്. ഇതെന്തിനാണ് ഞാൻ നിങ്ങളെ ഉപദേശിക്കുകയാണെന്ന് നിങ്ങൾക്ക് തോന്നരുതല്ലോ.....

വല്ല്യ വല്ല്യ വാക്കുകൾ പറയാൻ ഞാൻ മഹാനുമല്ല. ദൈവത്തെ നിങ്ങൾ വിശ്വസിക്കുന്നുണ്ടെങ്കിൽ ഞാൻ പറയുന്ന "ദൈവം തന്ന ഈ ജീവിതം ഒന്നേയുള്ളു" ഞാൻ എന്റെ ജീവിതത്തെക്കുറിച്ചാണ് പറയാൻ പോകുന്നത് . എന്റെ ജീവിതാനുഭവം എന്നെ ജീവിതം പഠിപ്പിച്ച പാഠമാണ്. എന്റെ കോളേജ് പഠനം പൂർത്തിയായതോടെ ഞാൻ എന്റെ നാട്ടിൽ അമ്മയുടെയും അച്ഛന്റെയും കൂടെ ജീവിക്കാൻ നിർബന്ധിതനായി. ബാംഗ്ലൂരിലെ ആ സുഖജീവിതം എനിക്ക് നഷ്ടമായി. എന്റെ നാട്ടിൽ ഞാൻ ആറ് വയസ്സ് വരെ മാത്രമേ ജീവിച്ചിട്ടുള്ളു.പിന്നെ എന്റെ നാട് ബാംഗ്ലൂർ ആയിരിക്കുന്നു. ഇപ്പോൾ ഞാൻ 14 വർഷത്തിന് ശേഷം എന്റെ വീട്ടിലേക്ക് തിരിച്ച് വന്നു.എന്നിട്ടും ഒന്നുമാകാതെ ഞാൻ ജീവിത പാഠങ്ങൾ വീണ്ടും വീണ്ടും പഠിക്കുകയാണ്.



# കാടിൻെറ മക്കളുടെ കരച്ചിൽ

ഹൽന സി ബി
8 എ

കാടിൻെറ മക്കളുടെ കരച്ചിൽ
കേൾക്കുന്നില്ലേ നിങ്ങൾ
അവരുടെ വേദന നിങ്ങളറിയുന്നില്ലേ
അവരുടെ കണ്ണുനീരിനാരുചൊല്ലും
മറുപടി ഇരുകാലി മൃഗങ്ങളാണോ..
അവരുടെ കണ്ണുകളിൽ നിന്നൊഴുകുന്ന
പകയുടെ രക്തം കണികകളായ്
നമ്മളിലൊരുവനും വെന്തുരുകിപ്പോകും
കാടിനു സ്വന്തമാം കാട്ടുമക്കളെ
നാമെന്തിനു തല്ലിക്കൊന്നിടുന്നു.
ഇരുകാലി മൃഗങ്ങൾ നാം കാടു കയറി
പുഴ താണ്ടി മരം വെട്ടി കാടു നീക്കി
കാടിന്നരുമയാം മക്കളെ നാം
കാടിൽ നിന്നെന്തിനടർത്തിടുന്നു,
അവരുടെ നോവും നിലവിളിയും
ചുട്ടുപൊള്ളിച്ചസ്വസ്ഥരാക്കും നമ്മെ.

# അയാൾ വന്ന ആ ദിവസം



അൻസിദ ജാസ്മിൻ
8 എ

എന്റെ വീട് ഒരു ഗ്രാമത്തിലെ പുഴയുടെ തീരത്തായിരുന്നു. ചെറിയ ഓലകൊണ്ടുണ്ടാക്കിയ ഒരു കുടിലിലായിരുന്ന ഞങ്ങളുടെ താമസം. അന്ന് ഞാൻ ഒരു കൊച്ച് കുട്ടിയായിരുന്നു.ഒരു ഏഴ് വയസ്സ് ആയിട്ടുണ്ടാകും.അച്ഛനമമ്മയ്ക്കും ഒരു ജോലിയും ഇല്ല . ഗ്രാമത്തിലുള്ള ജനങ്ങൾ തരുന്ന ഓരോ കിലോ അരിയും രണ്ട് മുരിങ്ങാക്കോലും പരിപ്പും ഇട്ട് ഞങ്ങൾ ചോറും കറിയുമുണ്ടാക്കും. ഗ്രാമത്തിലുള്ള എല്ലാവർക്കും ഞങ്ങളോട് അലിവ് തോന്നി. അവർക്ക് കഴിയുന്നതുപോലെ ഭക്ഷണങ്ങളും വസ്ത്രങ്ങളും ഞങ്ങൾക്ക് കൊണ്ടുതന്നു. പക്ഷേ ഗ്രാമത്തിൽ ഒരു അഹങ്കാരിയായ ആളുണ്ടായിരുന്നു. വലിയ വീടും വണ്ടികളുമൊക്കെ ഉണ്ടായിരുന്ന ഒരു പണക്കാരനായിരുന്ന അയാൾ. പാവപ്പെട്ടവരെ സഹായിക്കുകയോ സാധനങ്ങൾ വാങ്ങിക്കൊടുക്കുകയോ ഒന്നും ചെയ്തിരുന്നില്ല. ഒരു ദിവസം ഗ്രാമവാസികൾക്കെല്ലാം പണിയില്ലാതായി. ഗ്രാമീണരെല്ലാം പട്ടിണിയായി.എല്ലാവരും ആ അഹങ്കാരിയായ മനുഷ്യനോട് കാലുപിടിച്ച് പണം ചോദിച്ചു. പക്ഷേ അദ്ദേഹം ഞങ്ങളോട് കരുണ കാണിച്ചില്ല. അങ്ങനെയിരിക്കെ ഒരു ദിവസം ഞങ്ങളുടെ ഗ്രാമത്തിലേക്ക് ഒരാൾ വന്നു. ഞങ്ങൾക്കെല്ലാവർക്കും അയാൾ ജോലി തന്നു. അങ്ങനെ ഞങ്ങൾ ഒരു ഗ്രാമത്തിലേക്ക് മാറി. ജോലി ചെയ്തു ചെയ്ത് ഞങ്ങൾ ഉയർച്ചയിലെത്തി. നല്ലൊരു വീട് കെട്ടി അതിൽ താമസമാരംഭിച്ചു. അങ്ങനെ ഞങ്ങൾ ആ ഗ്രാമത്തിൽ നിന്ന് കുടിയിറക്കപ്പെട്ടവരായി.

# നൊമ്പരം



**ശ്രീദിവ്യ വി എസ്**

**10 സി**

അറിയാതെ ഒഴുകുന്നു,
മനസിൻ പൂവിൽ,
ചെറുമഷി ഒഴുകുന്നു,
ഇറങ്ങുകയാണവൻ,

അറിയാതെ ഒഴുകുന്ന
മനസിലെ നൊമ്പരം,
നീ അറിയാതെ പോകുന്നുവെങ്കിൽ
എന്റെ നൊമ്പരം അണയുമോ

നൊമ്പരം കുടിയിറക്കമായി
വാക്കുകളെ വിട
നൊമ്പരവമേ വിട
ഉള്ളിൽ നിന്നുയരുന്ന
വാക്കുകളേ എന്നും വിട.

# അദ്ധ്വാനത്തിൻെറ കുടിയിറക്കം



അനീന സജി
8 എ

ശാന്തിയും സമാധാനവും നിറഞ്ഞ ഒരു ഗ്രാമം. പച്ച വിരിച്ച നിൽക്കുന്ന പാടങ്ങളും കിളികളും തോടുകളും. അവിടെയുള്ളവരെല്ലാം തന്നെ കൃഷിചെയ്തു ജീവിക്കുന്നവർ. കുട്ടികൾ പലതരം കളികൾ കളിക്കുന്നു. അവർ കളിക്കുന്നത് നോക്കിയും അടുക്കളയിൽ പണിചെയ്തുമിരിക്കുന്ന അമ്മമാർ. കൃഷിചെയ്ത് ക്ഷീണിച്ച് തളർന്നു വരുന്നവർക്ക് വെള്ളവുമായി ഓടിച്ചെല്ലുന്നവർ.സ്വയം അദ്ധ്വാനിച്ച് സ്വന്തം വിയർപ്പ് പാചകം ചെയ്തു ഭക്ഷിക്കുന്നവർ. സന്തോഷത്തിൻെറ നാളുകൾ മാത്രം.

എന്നാൽ വലിയ വലിയ കമ്പനികളിലെ ഉദ്യോഗസ്ഥർ ആഴ്ച്ചയിൽ ഒരു ദിവസം ആ ഗ്രാമത്തിലെത്തും. എന്തിനാണെന്നോ? ആ ഗ്രാമത്തിൽ വലിയ ഫാക്ടറികൾ നിർമിക്കാൻ. അവർ വരുമ്പോൾ എപ്പോഴും അവിടെയുള്ള കർഷകരുടെ നെഞ്ചിലൊരാന്തലാണ്. കാരണം താൻ കഷ്ടപ്പെട്ട് ചോര നീരാക്കി അദ്ധ്വാനിച്ച കൃഷി... ഇവർ ഇടിച്ച് നികത്തി കെട്ടിടങ്ങൾ പണിതുയർത്തിയാൽ തങ്ങളുടെ ജീവിതം എന്താകുമെന്ന് അവർക്ക് ഭയമുണ്ടായിരുന്നു. അവിടെയുള്ളവർ കെട്ടിടങ്ങൾ നിർമ്മിക്കാതിരിക്കാൻ വളരെയധികം കഷ്ടപ്പെട്ടു. എന്നിട്ടും ഒരു ഫലവും കണ്ടില്ല. ഉദ്യോഗസ്ഥർ കൃഷികളും നശിപ്പിക്കാൻ തുടങ്ങി. ഓരോന്നും ഇല്ലാതാകുമ്പോൾ കർഷകർ വിങ്ങി വിങ്ങികരയുകയായിരുന്നു. അവസാനം അവിടെയുള്ളവർക്ക് എല്ലാം ഇല്ലാതായി. അവിടെയുള്ളവരുടെ കുടിലുകൾ വരെ നശിപ്പിക്കാൻ തുടങ്ങിയപ്പോൾ അവർ അവിടം വിട്ട് ഇറങ്ങാൻ തുടങ്ങി.പല സ്ഥലങ്ങളിലേക്കും പോവാൻ തുടങ്ങി. കയ്യിലുള്ള വീട്ടുപകരണങ്ങൾ കൊണ്ടും പലതരം വിത്തുകളും വിഭവങ്ങൾകൊണ്ടും കുടി ഇറങ്ങി.കണ്ണീരിൻെറ മഴ പെയ്യാൻ തുടങ്ങി.ഏതെങ്കിലും ഒരിടത്ത് പോയി കൃഷിചെയ്യാം എന്നു കരുതി എല്ലാവരും അവിടംവിട്ട് കുടിയിറങ്ങി. അവർക്കെല്ലാവർക്കും നല്ല ഫലഭ്രയിഷ്ടമായ മണ്ണും നല്ല കാലാവസ്ഥയും ലഭിച്ചു.പഴയതിനെക്കാൾ നന്നായി കൃഷി ചെയ്യാനും

കൃഷിഉപകരണങ്ങളും ലഭിച്ചു.എന്നാൽ ആ ഉദ്യോഗസ്ഥർക്ക് യാതൊരുവിധ ഉന്നമനവും ഉണ്ടായില്ല. കാരണം അവർ പാവം കർഷകരെ വിഷമിപ്പിക്കുകയും അവരുടെ അദ്ധ്വാനത്തെ അവരുടെ വിയർപ്പിനെ ഇല്ലാതാക്കി. കർഷകരുടെ കണ്ണീർ ഭൂമിയിൽ വീണതുകൊണ്ടുതന്നെയാണ് ഉദ്യോഗസ്ഥർക്ക് യതൊരുവിധ ഉയർച്ച ഉണ്ടാവാത്തത് . എന്നാൽ കർഷകർ കൂടുതൽ കൂടുതൽ ഉന്നമനത്തിലേക്ക് പോയി. എവിടെ ചെന്നാലും പണിയെടുക്കാനും കൃഷിചെയ്യാനുമുള്ള മനസ്സുണ്ടെങ്കിൽ അവിടെ എന്തായാലും വളർച്ചയുണ്ടാവും തീർച്ച.അദ്ധ്വാനശീലർ എന്തായാലും ഉയരും.. ഉയരങ്ങളിലേക്കെത്തും.

# നിലാവ് മായാത്ത രാവ്

അൽഫോൻസ തോമസ്
10 ഇ



പകൽവെട്ടത്തെ ഒച്ചയനക്കമെല്ലാം
ഒലിച്ചുപോയി,രാവിൽ
എങ്കിലും നിലാവ് മറഞ്ഞില്ലയീ
രാവിൽ എവിടെയും കരച്ചിലില്ല
നിലവിളിയില്ല,യെങ്ങും
നിശബ്ദമാണിരാവിൽ
പകൽ ചൂട് പോയി,ഇളംകാറ്റിൽ
മുളംകമ്പിളകുകയായി.
വീടുകളിലെല്ലാം വെളിച്ച
മണഞ്ഞുപോയിട്ടുമെങ്കിലും
നിലാവ് മറഞ്ഞില്ലയീ രാവിൽ
മിന്നാമിനുങ്ങും മിന്നി
പുഞ്ചിരിയേകും നക്ഷത്രവും
വെളിച്ചംപകരുമീ രാവിൽ
നഗരവീഥികൾ വിജനയായി വേളയിൽ
കൊഞ്ചൽ നിലച്ചാ പക്ഷികളെല്ലാം
ചെവിയടപ്പിക്കുന്ന ചീവീടിൻ ശബ്ദമായെങ്ങും
ലോകമെങ്ങും പുലർവേളയ്ക്കുവേണ്ടി
കാത്തിരിക്കുകയാണിരാവിൽ
എങ്കിലും നിലാവ് മാഞ്ഞില്ലയീ രാവിൽ

# ഉറങ്ങാത്ത രാത്രി

നന്ദന ഇ എസ്

പത്ത് ബി



ഇളം വെയിലേറ്റ് മയങ്ങുന്ന സായാഹ്നവും പുതുമഴ തോർന്ന മണ്ണും ഭൂമിയെ സുന്ദരമാക്കുന്നത് പോലെ കുറേ നാളുകൾക്ക് ശേഷമിന്നീ രാവിൽ എന്നെയും എൻെറ വീട്ടുകാരെയും സുന്ദരമാക്കുന്ന അവൾ. ആരും പ്രതീക്ഷിക്കാതെ വന്ന അതിഥി.എല്ലാവരിലും പുതുമയുടെ ആഘോഷങ്ങളും ഇണക്കങ്ങളും വാത്സല്യങ്ങളും ചിരിയും വിടർത്തുന്ന അവൾ .അതെ അവൾ വന്നു കഴിഞ്ഞു എൻെറ കൊച്ചനുജത്തി.

പത്ത് വയസ്സുള്ളപ്പോഴാണ് അവൾ ഞങ്ങളെയും ഈ വീടിനെയും വിട്ട് അമ്മയുടെ കൂടെ ഇറങ്ങിപ്പോയത്.അന്ന് എനിക്ക് പതിനാല് വയസ്സ് മാത്രമേ കാണുകയുള്ളു.അതൊരു ഓണക്കാലമായിരുന്നു. സത്യം പറഞ്ഞാൽ ഞങ്ങളുടെ വീട്ടിൽ ഏറ്റവും അവസാനമായി നടന്ന ഓണം.പിന്നീടൊരിക്കലും അതുപോലെ ഒരു ഓണം എൻെറ ജീവിതത്തിൽ ഉണ്ടായിട്ടില്ല.എൻെറ അമ്മയുടെയും അച്ഛൻെറയും അനുജത്തിയുടെയുംകൂടെ ഒരോണവും ഉണ്ടായില്ല. അന്ന് ആ ഓണ രാവിൽ ഞാൻ ഒരുപാട് കരഞ്ഞു. ആ രാത്രി എനിക്ക് പനിയായി. ചുട്ടുപൊള്ളുന്ന പനി .ആ രാത്രി എനിക്ക് ഉറങ്ങാനെ കഴിഞ്ഞില്ല.പകൽ നടന്ന കാര്യങ്ങൾ തന്നെയായിരുന്നു മനസ്സ് നിറയെ. എൻെറ അനുജത്തിയുടെ കരച്ചിലായിരുന്നു ആ ശാന്തമായ രാത്രിയിലും കേട്ടിരുന്നത്.ഉറങ്ങാൻ കഴിഞ്ഞില്ല. ഇന്നിപ്പോൾ അവൾ വീണ്ടും വന്നു. ഈ ഓണക്കാലം എൻെറയും അവളുടെയും മാത്രമായിരിക്കും . എൻെറ മനസ്സ് പറയുന്നു ഇന്നത്തെ രാത്രിയിൽ ഉറങ്ങാൻ കഴിയുമെന്ന് .

# പ്രകൃതി



ബെറ്റ്സി സജി

എട്ട് എ

നമ്മെ തുണച്ച നമ്മെ തണുപ്പിച്ചമണ്ണ്
ഭക്ഷണത്തിനും പാർപ്പിടത്തിനും
നാം ആശ്രയിച്ച മണ്ണ്
കാലം കഴിയുംതോറും പുച്ഛിക്കും തലമുറകൾ
മണ്ണിനെ വേണ്ട പ്രകൃതിയെ വേണ്ട
പാടങ്ങൾ നികത്തി
കൈയ്യോലവീടുകൾ പോയി
പടുപടേ ഉയരുന്നു കെട്ടിടങ്ങൾ
മണ്ണിന്നുറപ്പില്ലാതാകുന്നു
വൃക്ഷവേരുകൾക്കില്ലാ ഉറപ്പ്
കുറയുന്നു മഴ ദൈനംദിനം
ജനം  നെട്ടോട്ടമോടുന്നു വെള്ളത്തിനായ്
ചാകുന്നു മണ്ണിരകൾ കൂട്ടമായ്
വാടി തളരുന്നു  ചെടികളൊന്നൊന്നായ്
കാണുന്നില്ലേ നിങ്ങൾ മാലോകരേ
മണ്ണിനോടെന്തിത്ര ക്രൂരതകൾ

# സ്വപ്നം



അനീന സജി
എട്ട് എ

വിശാലമായ ഒരു കൊട്ടാരം. വളരെ ഗംഭീരമായി അലങ്കരിച്ചിരിക്കുന്നു. കൊട്ടാര പരിചാരകരും മറ്റും തിരക്കിട്ട് അങ്ങോട്ടുമിങ്ങോട്ടും ഓടുന്നു. ഗംഭീരമായ ഒരു കല്ല്യാണത്തിന്റെ ഒരുക്കമാണ്. കുട്ടികളും മറ്റും വളരെ സന്തോഷത്തിലാണ്.അവർ ഓടിച്ചാടി കളിക്കുന്നു. മറ്റൊരു ഭാഗത്ത് ഭക്ഷണം പാകം ചെയ്യുന്നതിന്റെ പുക ഉയരുന്നുണ്ട്.സ്വാദിഷ്ഠമായ വിഭവങ്ങളുടെ ഗന്ധം എങ്ങും വ്യാപിച്ചിരിക്കുന്നു.പട്ടാള വേഷത്തിൽ തലപ്പാവും ധരിച്ച് കുറേപ്പേർ കൃത്യമായി എന്തൊക്കെയോ ക്രമീകരണങ്ങൾ നടത്തുന്നു. അകത്തളത്തിൽ രാജാവ് തന്റെ അനുയായികൾക്ക് എന്തൊക്കെയോ നിർദ്ദേശങ്ങൾ നല്കുന്നു.

രാജാവ് : ആ പീഠം അവിടുന്ന് മാറ്റി ഇവിടെ സ്ഥാപിക്കൂ..

മന്ത്രി : അടിയൻ

ഉടനെ ഒരു ഭൃത്യൻ പീഠമെടുത്ത് യഥാസ്ഥാനത്ത് വയ്ക്കുന്നു.

രാജാവ് :മന്ത്രിവര്യാ രാജകുമാരനും സംഘവും എപ്പോൾ എത്തുമെന്നറിഞ്ഞോ?

മന്ത്രി : അവർ അടുത്തെത്താറായി എന്ന് ദൂതൻ അറിയിച്ചിരുന്നു.

രാജാവ് : ഒരുക്കങ്ങളെല്ലാം പൂർത്തിയായോ

മന്ത്രി : ആയിക്കൊണ്ടിരിക്കുന്നു.പ്രഭോ.

അന്തഃപുരത്തിനകത്ത് രാജ്ഞി ആരോടൊക്കെയോ തമാശ പറഞ്ഞു രസിച്ചുകൊണ്ടിരിക്കുന്നു.സർവ്വാഭരണ വിഭൂഷിതയായാണ് രാജ്ഞിയുടെ ഇരിപ്പ്.ധാരാളം തോഴിമാരും പരിവാരങ്ങളും രാജ്ഞിക്കു ചുറ്റുമുണ്ട്. മറ്റൊരിടത്ത് മാലാഖയെപ്പോലെ നില്ക്കുന്ന രാജകുമാരി.രത്നങ്ങൾ കൊണ്ടും സ്വർണ്ണാഭരണങ്ങൾകൊണ്ടും പട്ടുടയാടകൾകൊണ്ടും അവളെ പൊതിഞ്ഞിരിക്കുന്നു.കൂട്ടുകാരികളോടും മറ്റും സല്ലപിച്ചങ്ങനെ ഇരിക്കുന്നു. പെട്ടെന്ന് പുറമേ നിന്ന് ഒരു ആരവം ഉയർന്നു. രാജകുമാരൻ എഴുന്നള്ളുന്നതിന്റെ ആരവമല്ല, മറിച്ച് യുദ്ധത്തിന്റേതായിരുന്നു. പെട്ടെന്ന് എങ്ങും ദീനരോദനങ്ങളും ബഹളങ്ങളും. സന്തോഷമുണ്ടായിരുന്നിടത്ത് നിലവിളികൾ ഉയർന്നു.രാജകുമാരിയെ

പെട്ടെന്ന് കുറേപേർ ചേർന്ന് വലിച്ചിഴച്ചുകൊണ്ടുപോയി.എങ്ങും ഭയാനകമായ അന്തരീക്ഷം.

തത്ക്ഷണം രാജകുമാരൻ ഉറക്കത്തിൽനിന്നും ഞെട്ടിയുണർന്നു.താൻ കണ്ടത് വെറും സ്വപ്നമായിരുന്നവെന്ന് മനസ്സിലായി.ഇത് എന്നെങ്കിലും സംഭവിക്കുമോ എന്ന് ഭയം. നിശ്ചയിച്ചിരുന്ന സ്വയംവരം എത്രയും വേഗം നടത്താൻ അദ്ദേഹം തീരുമാനിച്ചു.



വര – അർജ്ജുൻ എം

# വിട



**അലീന സി എ**
**10 സി**

**അമ്മേ എൻെറ അമ്മേ**
**വിടചൊല്ലുന്നൊരീ നിമിഷം**
**അറിയാതെ ഞാനല്ലെൻ**
**കണ്ണുകൾ നിറയുന്നു**
**ഞാൻ പോലും അറിയാതെ.**
**അമ്മേ നിൻ വാക്കുകളാണിന്ന്**
**പടിയിറങ്ങുമ്പോഴുമെൻ കാതിൽ.**
**മറക്കാൻ കഴിയാതെ വരുമ്പോൾ**
**ഈവിധം ഞാനോർത്തുപോകുന്നു**
**മകൻെറ ദുഃഖം അറിയാതെ**
**എന്തിനമ്മയെന്നെ ഏകനാക്കി**
**നൊമ്പരമറിയാതെയെന്റെ  മനസ്സിന്റെ**
**കൂരയിൽ ഞാനെന്നുമന്യനായി.**
**പടിയിറക്കത്തിൻ നേരത്തുനിന്നു**
**കരയുന്നില്ലവൻ കണ്ണീരില്ല**
**എരിയുകയാണ് കത്തിപ്പടരുകയാണ്**
**അവസാനത്തെ ചുട്ടരക്തം പോലും**
**വിളിച്ചോതുകയാണ് എൻ ജീവിതമേ**
**എനിക്കെന്തിനീ പടിയിറക്കം**
**എനിക്കെന്തിനീ പടിയിറക്കം.**

# ശാന്തമായ രാത്രി



ദേവികാ കൃഷ്ണ
10 ബി

സൂര്യൻ അസ്തമിച്ചിരിക്കുന്നു. ആകാശം പരന്നു കിളികൾ അവയുടെ കൂട്ടിലേക്ക് ചേക്കേറാൻ തുടങ്ങി.ഇളം കാറ്റ് വീശിയും പൂമണം തൂകിയും രാത്രി വരവായി. രാത്രിയുടെ ഏകാന്തതയിൽ അതാ പൂനിലാവും എത്തി. ആ പ്രകാശത്തിൽ നക്ഷത്രങ്ങളും മിന്നാമിനുങ്ങുകളും മെല്ലെ നൃത്തം ചെയ്യാൻ തുടങ്ങി.ആ പൂനിലാവിൻെറ പ്രകാശത്തിൽ നെയ്യാമ്പലുകൾ അവയുടെ സുഗന്ധം പരത്തി മെല്ലെ കുഞ്ഞു മിഴികൾ തുറന്നു നോക്കുന്നു.ആമ്പലിൻെറ പരിമളത്താൽ വണ്ടുകൾ അവയെ മുത്തം വയ്ക്കാനായി അടുത്തു വരുന്നു.അവർ എത്ര സന്തോഷത്തോടെയാണ് കഴിയുന്നത്.അവർക്ക് കൂട്ടായി നന്മ പകരാൻ നിലാവ് എത്തുമ്പോൾ എൻെറ മനസ്സിലെ മുറിവുകൾ എന്നെ വല്ലാതെ വേട്ടയാടുന്നു. ജീവിതത്തിൽ സങ്കടവും സന്തോഷവും ഒന്നും ഇല്ലാതെ കഴിയുന്നവരാണ് ഇവരെല്ലാം. പക്ഷേ എൻെറ മനസ്സിൽ എൻെറ വേദന എന്നെ ഉറങ്ങാൻ സമ്മതിക്കുന്നില്ല.ശാന്തമായ ഈ രാത്രിയിൽ എല്ലാവരും അവരുടെ ഓരോ സ്വപ്നവുമായി മയങ്ങുന്നു. എന്നാൽ പ്രതീക്ഷയോ സ്വപ്നങ്ങളോ ഇല്ലാത്തവർ എങ്ങനെയാണ് ഉറങ്ങുക.




വര-അഭിലാഷ്

# സ്വപ്നാഗ്നി



ജിതിൻ ജോസഫ്

10 എ

അമ്മ തൻ നെഞ്ചിലെ
ചുടുചോരയിൽ നിന്ന്
ഞാനെന്ന ഭാവം ഉണർന്നു
അമൃതമാം ശൈലിയിൽ
തുരാ തുരാ നോവുന്ന
പെറ്റ മനസ്സിൻ വിലാപം
ദേഷ്യ വിലാപങ്ങൾ
തിരി നീട്ടി നില്ക്കുന്ന
കാലപ്രദ തന്നുയിരിൽ
ആ പെറ്റ  മനസ്സിൻ നോവില-
സാദ്ധ്യമായി കണ്ടു ഞാൻ
ആ മനസ്സിനുള്ളിലെ സ്നേഹം
കണ്ണീര് പോലും ചുടുചോരയാക്കുന്ന
വാത്സല്യമെന്ന ആ മന്ത്രം
കാലങ്ങളെ പോലും
കൺചിമ്മി മായ്ക്കുന്ന
പെറ്റമ്മ തന്നിലെ സ്നേഹം
വെന്തുവെണ്ണീറായ സ്നേഹം
അമ്മ തൻ നെഞ്ചിലെ
നിത്യനിലാവായ സ്നേഹം.

# മനുഷ്യൻ



ഫാത്തിമത്തുൽ തസ്നിയ
8 എ

ലോകമാം ഉപരിതലത്തിൽ
ജീവിക്കുമാ  മനുഷ്യജീവി
പണമെന്ന് മാത്രം മനസ്സിൽ
ആരോടുമില്ലാ സ്നേഹം
സ്നേഹവും വിഷമവും സന്തോഷവുമെല്ലാം
ആ മനസ്സിൽ നിന്നു മാഞ്ഞുപോയി
സ്വാർത്ഥതയും അഹങ്കാരവും
തുളച്ചുകയറി മനസ്സിൽ
പ്രകൃതിയെ ദ്രോഹിച്ചും
ജീവജാലങ്ങളെ കൊന്നും
പണം സംഭരിക്കുന്നു അവൻ
സഹിക്കുന്നു പ്രകൃതിയിതെല്ലാം
അവനൊരു തിരിച്ചടിയായി
പ്രളയത്താലും വരൾച്ചയാലും
ചെയ്യുന്നു പ്രതികാരം
അവനൊരു പാഠം പഠിക്കട്ടെ,
അവനെല്ലാം മനസ്സിലാവട്ടെ,
ജീവജാലങ്ങളെ സ്നേഹിക്കാനുള്ള
മനസ്സവനുണ്ടാവട്ടെ.

# വർണച്ചിറകുകൾ

അനീന സജി
8 എ



ഒരിക്കൽ ഒരു മയിൽ പീലി എനിക്കു കിട്ടി.അതിൻെറ സൗന്ദര്യം എന്നെ ആകർഷിച്ചു.മഴവില്ലിലെ വർണ്ണങ്ങൾ ശോഭിക്കുന്നതുപോലെ അതിലെ നിറങ്ങൾ വളരെ ഭംഗിയുള്ളതായിരുന്നു.എല്ലാവരും ചെയ്യുന്നതുപോലെ ഞാനും ആ മയിൽപ്പീലി പുസ്തകത്താളുകൾക്കിടയിൽ വച്ചു.ആരോ പറഞ്ഞു കേട്ട അറിവിൽ ഓരോ ദിനവും പുസ്തകത്താളു മറിച്ചു നോക്കുകയും മയിൽപ്പീലി കുഞ്ഞുങ്ങൾ ഉണ്ടായോ എന്നു നോക്കുകയും ചെയ്യുമായിരുന്നു. പുസ്തകത്താളിൽ ഒളിപ്പിച്ചു വച്ചാൽ കൂടുതൽ കുഞ്ഞുങ്ങൾ ഉണ്ടാകുമെന്ന് ഞാൻ സ്വപ്നം കണ്ടു. ആ ദിനങ്ങളെല്ലാം എൻെറ വെറും പാഴ്സ്വപ്നമായി അവശേഷിച്ചു. എന്നെങ്കിലും ഒരിക്കൽ എൻെറയീ സ്വപ്നം സഫലമാകുമോ എന്നാണ് ഞാൻ സ്വപ്നം കണ്ടിരുന്നത്. ഈ വിശ്വാസം ഉളളിലൊതുക്കി നടന്ന കാലം ഇതാരോടെങ്കിലും ചോദിച്ചാൽ അവരെന്നെ വല്ലാതെ കളിയാക്കും.പിന്നീട് എനിക്ക് അറിവായ കാലത്താണ് ഞാനറിയുന്നത്, അത് പാഴ്വാക്കുമാത്രമായിരുന്നു എന്ന്. ഇപ്പോഴും സ്വപ്നം കാണുന്നു, ഇപ്പോഴും ആശിക്കുന്നു, മയിൽപ്പീലി കുഞ്ഞുങ്ങൾ ഉണ്ടായിരുന്നുവെങ്കിൽ, അങ്ങനെ ഒരു സ്വപ്നമുണ്ടായിരുന്നുവെങ്കിൽ. ഇതും വെറും സ്വപ്നം മാത്രം......

# നിശബ്ദമാം വിട

മഞ്ജിമ ബാബു
**10 എ**



അസുര താളം തിമിർക്കുന്ന മനസ്സിൽ
ആരോ നിശബ്ദമൊരു  നോവായി  നിറയുന്നു
നെഞ്ചിലാഴ്ന്നമരുന്ന മുനയുള്ള മൗനങ്ങൾ
ആർദ്രമൊരു വാക്കിനായി കാത്തിരിക്കുന്നു ഞാൻ
എവിടെയോ പടി വാതിലോടിയിറങ്ങുമ്പോൾ
ഇരവും കറുത്ത ചിരി തൂകി തഴുകുമ്പോൾ
വേർപെട്ടവർക്കിടയിലൊരു  പുലരി പൂത്തുലയുന്നു
ഇലകളനുതാളമായി വിടയായി മൊഴിയുന്നു
ആരുമില്ലാതെ ഞാൻ ആർത്തുലയുന്നു
ഈ വഴിയോരങ്ങളിൽ കനത്തൊരിടവഴികളിൽ
പകലായി ഞാൻ ഇരവായി ഞാൻ ഒരു നിശപോൽ
പണ്ടെന്നുമിന്നുംഹൃദയമാംവേദിയിൽ തങ്ങി
നിൽക്കുമെൻ നിശബ്ദത നിശാന്തത
കുടിയിറക്കപ്പെട്ടവനാണെന്നു പറയാതെ വച്ചു
ആരോ നിശബ്ദമായി വരികയെൻ വഴിയിൽ
അറിയാതെ സംശയിക്കുന്നു ഞാനുടനീളം
കുടിയിറക്കപ്പെട്ടവനോ....

# നഷ്ടം

ദേവനന്ദ പി കെ
8 എ



അന്ന പുലർച്ചെ അഞ്ചു മണിയോടെയാണ് എൻെറ കുടുംബത്തെയും നാടിനെയും തളർത്തിയ ആ വാർത്ത ഞാൻ കേട്ടത്. നാടിൻെറ നൻമയ്ക്കും സമൃദ്ധിയ്ക്കും വേണ്ടി മാത്രം ജീവിച്ച ആ മഹാ പുരുഷൻെറ മരണം. നാടിനെ ഒന്നടങ്കം തളർത്തിയ ആ വാർത്ത കേട്ട് എല്ലാവരും വിഭ്രാന്തരായി. ആർത്തലച്ച് പെയ്യുന്ന മഴ. വീണ്ടുമത് ശക്തിയാർജ്ജിക്കപ്പെട്ടു. അദ്ദേഹത്തിൻെറ മരണം സ്വാഭാവികമെന്നാണ് എല്ലാവരും പറയുന്നത്. എങ്കിലും ഞങ്ങൾക്കറിയാം ആ പ്രതിഭയെ ദൈവം ഇത്ര പെട്ടെന്ന് വിളിക്കില്ലെന്ന്. ഞങ്ങളുടെ നാട്ടിൽ എന്ത് നല്ല കാര്യം സംഭവിച്ചാലും അത് അദ്ദേഹത്തിൻെറ പ്രയത്നത്താൽ മാത്രമായിരുന്നു. എങ്കിൽ ഇന്ന് ആ സൂര്യനും അസ്തമിച്ചു. നാടാകെ തളർന്നു. നാട്ടാരും തളർന്നു. അലമുറയുടെയും പൊട്ടിക്കരച്ചിലിൻെറയും ദിനങ്ങളാണ് ഇനിയങ്ങോട്ട്. അദ്ദേഹത്തിൻെറ സത്പ്രവർത്തികളെ അംഗീകരിക്കാത്തവർക്കുമുള്ള തിരിച്ചടി. അങ്ങനെ കുറെ ദിനങ്ങൾ കടന്നുപോയി. മരണത്തോടനുബന്ധിച്ച പരിപാടികൾ എല്ലാം അവസാനിച്ചു. ഒരു ദിവസം രാവിലെ കുറെ ആളുകൾ വന്ന് പട്ടണം കണ്ട് അതിനെ പറ്റിയുള്ള വിവരങ്ങൾ അന്വേഷിക്കുകയുണ്ടായി. അവർ ധനികരായിരുന്നുവെന്ന് കണ്ടാലറിയാം. കോട്ടുംസ്യൂട്ടുമെല്ലാമിട്ട അഞ്ചാറ് ആളുകൾ.പിന്നീട് ഒരു ദിവസം പട്ടണത്തിൽ പോയപ്പോൾ ഞെട്ടിക്കുന്ന വാർത്ത കേട്ടു. നാട്ടിൽ വലിയ ഡാം വരാൻ പോകുകയാണ് പോലും. ആ ആളുകൾ ഈ നാട് വില കൊടുത്ത് വാങ്ങുമെന്നും. ചിലരൊക്കെ എല്ലാം വെറുതെ എന്ന മട്ടിൽ പെരുമാറി. മൂന്നാല് ആഴ്ചകൾക്ക് ശേഷം ഒരു വിളംബരമുണ്ടായി.ഈ വീടുകൾ കടകൾ ബിൽഡിംഗുകൾ തുടങ്ങിയവയെല്ലാം എത്രയും പെട്ടെന്ന് ഒഴിഞ്ഞുകൊടുക്കണമെന്ന്.ഒരു

കൂട്ടം ജനങ്ങൾ അപ്പോൾ തന്നെ ഒഴിവായിപ്പോയി.എങ്കിലും ചിലർ മറ്റു ജോലി ചെയ്ത് കൃഷിപ്പണിയെടുത്ത് അധ്വാനിച്ച് അന്നത്തെ ചെലവിനായി ജിവിക്കുന്നവരാണ്. അവർ പട്ടിണി കിടന്നും ജന്മനാടിനെ വിട്ട് ഒരിടത്തേക്ക് പോകില്ലെന്നായി.ആ ദുഷ്ടരായ മനുഷ്യർ അവരെ മർദ്ദിച്ച് സ്വന്തം വീട്ടിൽ നിന്നും ഇറക്കിവിട്ടു. തുച്ഛമായി കിട്ടുന്ന പണത്തിൽ മിച്ചം വച്ച് ഉണ്ടാക്കിയെടുത്ത വീട് . അത് ചെറുതോ വലുതോ ആയിക്കൊള്ളട്ടെ. നഷ്ടപ്പെടുന്ന വേദന പറഞ്ഞറിയിക്കാനാവാത്തതാണ്.ഇപ്പോൾ ഞങ്ങൾ ഓർക്കുന്നു ആ വലിയ മനുഷ്യൻ ജീവിച്ചിരുന്നുവെങ്കിൽ ഇത് സംഭവിക്കില്ലായിരുന്നുവെന്ന്.



വര – അതുൽ പി പി

# തീരാദുഃഖവും കുടിയിറക്കവും



**അൽഫോൻസ തോമസ്**
**10 ഇ**

മാനവവ്യൂഹത്തിൽ കൊടുംവേദനയായി
എങ്ങിനി ചെന്നു പാർക്കുമെന്നറിയില്ല
ആശ്വാസത്തിൻ വാക്കുകൾ എവിടെയുമില്ല
സൂര്യനെയൊരുനോക്കു കാണുവാൻ മാനവരോ-
രുത്തരും വിങ്ങിവിതുമ്പി
ഈ ജന്മത്തിലൊരുനാളും കാണാത്ത
നിമിഷങ്ങൾ ഭയാനകം
പുഴയുമരുവിയും കവിഞ്ഞൊഴുകി
കേരളീയ ജനഹൃദയം ചുട്ടുപൊള്ളി
ഈ ജലമെല്ലാമെങ്ങനെ കുടിയുതീർക്കുമെന്നാ
ശങ്കയിലായി ഓരോ മുറ്റവും
കേരളത്തിൻ  വർണ്ണപ്പകിട്ടന്ന്
പൊലിഞ്ഞുപോയി
കണ്ഠം വരണ്ടുണങ്ങി, വിശപ്പിന്നാശ്വാസമില്ലെ-
വിടെയും ദാരിദ്ര്യം രൂക്ഷമായി
ഈ ജന്മമെത്ര പട്ടിണി സഹിയെന്നറിയില്ല
ഇനിയുമെത്ര സഹിക്കണമെന്നറിയില്ല
ഒരു നിമിഷം കൊണ്ടെല്ലാം വെള്ളത്തിലായി
ജീവൻ പോലും ദൈവത്തിൻ കൈകളിലായി
ഊരും വിളകളുമെല്ലാം വെള്ളത്തിലായി
ഉടുക്കാൻ വസ്ത്രമെന്നിനിയുള്ളു
എവിടെ ചെന്നുപാർക്കുമെന്നൊരു-
നിശ്ചയവുമില്ല
ഈ കുടിയിറക്കമെന്നുള്ളം തീക്കനലാക്കിടുന്നു
മന്നവർ എത്രയെന്നറിയില്ല,പൊലിഞ്ഞുപോയി
പ്രളയത്തിൻ കരങ്ങളിൽ
ഒരിക്കലും തീരാത്ത സങ്കടവുമായി
ഇനി ഞാൻ ,അലഞ്ഞിടുമേതുപാതയിൽ

# കുതിരയും വേലായുധനും



സോനു കൃഷ്ണ
9C

ഒരു കൊച്ചുഗ്രാമത്തിൽ വേലായുധൻ എന്ന് പറയുന്ന ഒരാൾ താമസിച്ചിരുന്നു. അയാൾക്ക് സുപ്രിയ എന്നൊരു ഭാര്യയും രണ്ട് കുട്ടികളും ഉണ്ട്. സച്ചുവും സണ്ണിയും ആയിരുന്നു അവർ. സച്ചുവിന്റെയും സണ്ണിയുടെയും അച്ഛനായ വേലായുധൻ ഒരു കൊച്ചു കുതിരയെ വാങ്ങി.സച്ചുവിനും സണ്ണിയ്ക്കും വളരെ സന്തോഷമായി. ഏത് മൃഗങ്ങളെയും കണ്ട് പേടിക്കുന്ന സണ്ണി കുതിരയെ കണ്ടപ്പോൾ ഓടിവന്ന് ആ കുതിരയെ കെട്ടിപ്പിടിക്കുകയും ഉമ്മവെയ്ക്കുകയും ചെയ്തു.എന്നും രാവിലെ വേലായുധൻ കുതിരയ്ക്ക് വേണ്ടി പുല്ല് പറക്കാൻ ഇറങ്ങും. പുല്ല് പറിച്ച് വന്ന് കുതിരയ്ക്ക് വയറ് നിറയെ വെള്ളവും പുല്ലും ഒക്കെ കൊടുക്കും. വൈകുന്നേരം ഭാര്യയും, മക്കളും വേലായുധനും കുതിരയുടെ അടുത്ത് വന്നിരിക്കും. എല്ലാ ദിവസവും കുതിര വെള്ളവും പുല്ലും ഒക്കെ കഴിച്ച് തടിച്ച് കൊഴുത്തു.അങ്ങനെ കുതിരയുടെ ഉടമയായ വേലായുധൻ സാധനങ്ങൾ വാങ്ങാനും മാർക്കറ്റിൽ പോകാനുമൊക്കെ കുതിരപ്പുറത്തായിരുന്നു പോയിരുന്നത്. യാതൊരു കാരണവശാലും കുതിരയെ തല്ലുകയോ വിഷമിപ്പിക്കുകയോ അയാൾ ചെയ്തിരുന്നില്ല. അതുകൊണ്ട് തന്നെ കുതിരയ്ക്ക് വേലായുധനെ ഇഷ്ടമായിരുന്നു. അതുപോലെ തന്നെയായിരുന്നു ഭാര്യയ്ക്കും മക്കൾക്കും. കടുത്ത ദാരിദ്ര്യം മൂലം തന്റെ കുതിരയെ വിൽക്കുകയല്ലാതെ മറ്റൊരു മാർഗവും വേലായുധന് കാണാൻ കഴിഞ്ഞില്ല. അതുകൊണ്ട് സുരേന്ദ്രൻ എന്ന കച്ചവടക്കാരൻ ഒരുലക്ഷം രൂപയ്ക്ക് കച്ചവടം ഉറപ്പിച്ചു. കുതിരയെ വിറ്റപ്പോൾ വേലായുധന്റെ ഭാര്യക്കും മക്കൾക്കും വല്ലാതെ വിഷമമായി. സുരേന്ദ്രൻ കുതിരയെയും കൊണ്ട് കോട്ടയത്തെത്തി. അവിടെ സുരേന്ദ്രന്റെ മകളായ നീതുവിനും ഭാര്യയായ രുഗ്മിണിയ്ക്കും കുതിരയെ വളരെയധികം ഇഷ്ടമായി. എന്നാൽ കുതിരയെ അവിടെ കൊണ്ട് വന്നതിനുശേഷം കുതിര ഒരു തുള്ളി വെള്ളം പോലും കുടിച്ചിട്ടില്ല. അവർ കുതിരയ്ക്ക് വല്ല അസുഖവും ആണ് എന്ന് വിചാരിച്ച് മൃഗഡോക്ടറെ വിളിച്ച് ചികിത്സിപ്പിച്ചു. ഡോക്ടർ പറഞ്ഞു."ഒരു പ്രശ്നവും ഇല്ലല്ലോ" പിന്നെ ഡോക്ടർ പോയി. നാല് ആഴ്ച്ചയോളം കുതിര ഭക്ഷണവും വെള്ളവും ഒന്നും കഴിക്കാതെ ഇരുന്നു. കുതിരയുടെ ആദ്യത്തെ ഉടമസ്ഥനായിരുന്ന വേലായുധനും അയാളുടെ ഭാര്യയായ സുപ്രിയയും മക്കൾ സച്ചുവും, സണ്ണിയും കൂടി കോട്ടയത്തേക്ക് ടൂർ വന്നതായിരുന്നു. അപ്പോൾ തന്റെ കുതിരയെ കാണാൻ വേലായുധന് മോഹം തോന്നി. അയാൾ സുരേന്ദ്രന്റെ വീട്ടിലേക്ക് വന്നു. വേലായുധന്റെ കാലൊച്ച കേട്ടതും കുതിര ചാടി എഴുന്നേൽക്കുകയും വേലായുധനെ സന്തോഷത്തോടെ നോക്കിനിൽക്കുകയും ചെയ്തു. അപ്പോൾ വേലായുധൻ ഓടി വന്ന് കുതിരയെ കെട്ടിപ്പിടിച്ച് കരയുകയും അതിനെ

തലോടുകയും ചെയ്തു. സുരേന്ദ്രനും ഭാര്യ രുഗ്മിണിയും മകൾ നീതുവും ഇത് നോക്കി നിൽക്കുന്നുണ്ടായിരുന്നു. നിറയെ വെള്ളവും കൈ നിറച്ച് പുല്ലും ആ കുതിരയ്ക്ക് നൽകി. കുതിര ആർത്തിയോടെ അത് കഴിച്ചു. അപ്പോൾ ആണ് സുരേന്ദ്രന് ഒരു കാര്യം മനസ്സിലായത്.സ്വന്തം ഉടമയില്ലാതതുകൊണ്ടാണ് കുതിര ഭക്ഷണം കഴിക്കാത്തത്.അപ്പോൾ സുരേന്ദ്രന് സങ്കടമായി. സുരേന്ദ്രൻ വേലായുധനോട് പറഞ്ഞു "താൻ ഈ കുതിരയെ എടുത്തോളൂ." എന്റെ അടുത്ത് താൻ ഈ കുതിരയെ വാങ്ങിയ പൈസയില്ല അതെല്ലാം എന്നോട് ചെലവായിപ്പോയി. അപ്പോൾ സുരേന്ദ്രൻ പറഞ്ഞു."പൈസ വേണ്ട താൻ ഈ കുതിരയെ ഫ്രീ ആയി എടുത്തോളൂ.എന്റെ അടുത്ത് നിന്നാൽ ഈ കുതിര ഭക്ഷണം കഴിക്കാതെ ചാവും അതുകാണാൻ എനിക്ക് കഴിയില്ല മനസ്സറിഞ്ഞാണ് ഞാൻ പറയുന്നത് നീയെടുത്തോളൂ."സുരേന്ദന്റെ വാക്കുകൾ കേട്ട് വേയുധൻ കുതിരയെയും കൊണ്ട് വീട്ടിലേക്ക് പോയി. സുപ്രിയക്കും മക്കൾക്കും സന്തോഷമായി.



വര –മണി എം

# അനാഥത്വത്തിന്റെ പ്രതീകം

ഹൽനാ സിബി
8 എ



കുട്ടന് എട്ട് വയസ്സ് . ലൈലയ്ക്ക് ആറ് വയസ്സ് . സ്കൂൾ ഇനി കുറേ ദിവസത്തേക്ക് തുറക്കുകയില്ല . അതുകൊണ്ട് കളിക്കുകയാണ് മറ്റത്ത് . അവർ തുള്ളിച്ചാടികളിക്കുന്നതിനിടയ്ക്ക് ഒരു തത്ത പാറിവന്ന് അവർ കളിക്കുന്ന സ്ഥലത്ത് വന്നിരുന്നത് അവർ കണ്ടു . ഒരിയ്ക്കലും ഒരു പക്ഷി പേടിയില്ലാതെ ഇത്രയും അടുത്ത് വന്നിരിക്കുന്നത്  അവർ ആദ്യമായി കണ്ടു . പതുക്കെ അടുത്ത് ചെന്നാൽ അതിനെ പിടിക്കാമെന്ന് അവന് തോന്നി . എന്നാൽ അവനതിന് മുതിർന്നില്ല . അവൻ അതിനെ കുറച്ച് നേരം നോക്കിനിന്നു . എന്നിട്ട് അവൻ വീണ്ടും കളിക്കാൻ തുടങ്ങി . ആ സമയം ആ തത്ത അവന്റെ അടുത്തേക്ക് പറന്നുചെല്ലുകയും അവന്റെ ഉടുപ്പിൽ കൊത്തി വലിക്കുകയും ചെയ്തു . ആ തത്ത അവനോട് എന്തോ പറയാൻ ആഗ്രഹിക്കുന്നതായി അവന് തോന്നി . അവസാനം അവൻ അതിന്റെ പുറകെ പോകുവാൻ തീരുമാനിച്ചു . അവൻ തന്റെ കൊച്ചനുജത്തിയെ വീട്ടിൽ നിർത്തിയിട്ട് അതിന്റെ പുറകെ പോയി . ആതത്ത ചെന്ന് പറന്നിറങ്ങിയതോ ഒരു പാവം പെൺകുട്ടിയുടെ അടുത്ത് , അവൾ ഒരു നേരത്തെ കെഞ്ചുകയായിരുന്നു . അവളുടെ ഉടുപ്പോ പിന്നിക്കീറിനരച്ചതായിരുന്നു . അവളുടെ കൈയ്യിൽ ഒരു ഭിക്ഷാപാത്രം ഉണ്ടായിരുന്നു . അവൻ ആ പെൺകുട്ടിയുടെ അടുത്ത് ചെല്ലാൻ നോക്കിയപ്പോഴേക്കും ആ തത്ത അവനെ തടഞ്ഞു . അവൻ പിന്നെ മാറിനിന്ന് ആ പെൺകുട്ടിയെ നിരീക്ഷിക്കാൻ തുടങ്ങി . അവൾ ഒരു ഹോട്ടലിലേക്ക് പ്രവേശിക്കുന്നു . ആളുകൾ തിന്നതിന്റെ ബാക്കി ഭക്ഷണം അവിടെ ഉണ്ടായിരുന്നു . അവൾ പതിയെ ആ ഇലയോടെ ഭക്ഷണം പുറത്തേക്കെടുത്തോണ്ടോടി , ഒരു മരത്തിന്റെ ചുവട്ടിൽ പോയിരുന്ന് കഴിക്കാൻ തുടങ്ങി . കുട്ടന് അധിവിഷമം വന്നു , അവസാനം അവൻ ആ പെൺകുട്ടിയോട് , എന്താണവളുടെ അവസ്ഥ എന്നറിയുവാൻ അടുത്തേക്ക് ചെന്നു  . എന്നാൽ അവൻ അടുത്തേക്ക് വരുന്നതു കണ്ട് അവൾ മാറി മാറി പോവുകയാണുണ്ടായത് . കാരണം അവൾക്ക് ഭയമാണ് .

കാരണം മറ്റുള്ളവരേപ്പോലെ അവളെ സ്നേഹിക്കുവാനും , മറ്റുള്ള കുട്ടികളെപ്പോലെ അവൾക്കുമുണ്ടാവില്ലേ ആഗ്രഹം ? സ്വന്തം അച്ഛന്റെയും അമ്മയുടെയും കൂടെ ഉറങ്ങാനും പുറത്തേക്ക് പോകാനുമൊക്കെ അവൾക്കും  ആഗ്രഹമുണ്ടാവില്ലേ ? എന്നാൽ അവൾ

അനാഥയാണ് .ഇതെല്ലാം കേട്ട് ആ കുട്ടിയുടെ വേദന മനസ്സിലാക്കിയ കുട്ടന് അവളെ ഒരു സുരക്ഷിതസ്ഥാനത്തേക്ക് മാറ്റണം എന്ന് അവൾക്ക് തോന്നി . അങ്ങനെ കുട്ടന്റെ മാതാപിതാക്കളുടെ സഹായത്തോടെ ആ പെൺകുട്ടിയെ അനാഥാലയത്തിലാക്കി . ഇപ്പോൾ അവൾ സന്തോഷവതിയാണ് . കാരണം ആപെൺകുട്ടിയെ ഇനിയാരെങ്കിലും ദത്തെടുക്കുമെന്ന് പ്രതീക്ഷയുണ്ട് . അതിനാൽ അവൾ സന്തോഷവതിയാണ് .





# അശാന്തതയിലെ കണ്ണുകൾ

അളകനന്ദ എ എം
10 ഇ

മേഘങ്ങൾ ഇരുണ്ടുതുടങ്ങി, രാവുകൾ കൺതുറക്കവേ
അശാന്തതയിലെ കണ്ണുകൾ എന്നെ തന്നേ നോക്കി നിന്നീടവേ,
എവിടെയോ നിന്നൊരുശബ്ദം
എന്റെ കാതിനെ പ്രകമ്പനം കൊള്ളിക്കുന്നു
പേടിയോടെ നോക്കുമ്പോഴതാ
കഴുകൻെറ കണ്ണുള്ള മനുഷ്യ ജീവികൾ
പേടിയോടെ എൻ മുഖം വിളറീടവേ
പാവം എന്നാലും പേടിച്ചില്ല
മനുഷ്യജന്മത്തെ എൻ കണ്ണുകൾ
അശാന്തതയിൽ തേടി നടന്നീടവേ
മറഞ്ഞിരുന്നെങ്കിലും പേടിയിൽ അവരെ
ന്നെ തിരിച്ചറിഞ്ഞു, അളറി വിളിച്ചു ഞാൻ
പക്ഷേ ഇരുളിൻെറ വെട്ടത്തിൽ തെരു
വിൻെറ ശബ്ദത്തിനായി കാത്ത് നിൽക്കവേ
നേരം പുലർന്നീടവേ തെരുവിൻെറ ഏതോ
കോണിലുറങ്ങാത്ത ഞാൻ ഉറങ്ങികിടക്കവേ

# സുന്ദരി



കൃഷ്ണപ്രിയ വി ആർ
9 ഡി

ഞാൻ വീട്ടിൽ ചില്ലറ പണികളും ചെയ്തുകൊണ്ടിരിക്കുകയാണ്. അപ്പോഴാണ് പാദസരങ്ങളുടെ കിലുക്കംകേൾക്കുന്നത് ഞാൻ ആകാംക്ഷയോടെ ഓടിയിളം തിണ്ണയിൽഎത്തി ആരാണെന്ന്നോക്കിയപ്പോൾ അത് സുന്ദരി ആയിരുന്നു. ഞാൻ സുന്ദരിയെ വാരിയെടുത്ത് സ്നേഹത്തോടെ തലോടി അമ്മയുടെ അടുത്തുപ്പോയി അമ്മ അടുക്കളപണിയിൽ ആയിരുന്നു.അമ്മ സുന്ദരിയെ കണ്ടു അപ്പോൾ അമ്മ പറഞ്ഞു"ഹാ ഇതാര് സുന്ദരിയാണല്ലോ"സുന്ദരി നാണത്തോടെ ചിരിച്ചു അമ്മ രണ്ട് ഇഡ്ഡലിഎടുത്ത് സുന്ദരിയ്ക്ക് കൊടുത്തു. സുന്ദരി എന്റെ എളിയിൽ നിന്നും ഊർന്നിറങ്ങി എന്നിട്ട് ആ ഇഡ്ഡലി വാങ്ങിച്ചു. പിന്നീട്ട് അമ്മയുടെ മുഖത്ത്നോക്കി ചിരിച്ചു. ആ പെൺകുട്ടിക്ക് മിണ്ടാൻ സാധിക്കുകയില്ലായിരുന്നു.സുന്ദരി ഇഡ്ഡലിവാങ്ങി കഴിച്ചു അതിനു ശേഷം സുന്ദരി കുറെ നേരം കളിച്ചു. മടുത്തപ്പോൾ ഞാനും അച്ഛനും സുന്ദരിയെ ഫാമിലേക്ക് കൊണ്ടുപ്പോയി ആ ഫാമിലെ പണിക്കാരാണ് അവളുടെ അച്ഛനും അമ്മയും. ഇവൾക്ക് ഒരു കുഞ്ഞനിയനും ഉണ്ട്.സുന്ദരി എനിക്കും റ്റാറ്റ തന്നു ഞങ്ങൾ വീട്ടിലേക്ക് തിരികെ വന്നു . വീട്ടിൽ എത്തിയപ്പോൾ ഒരു സങ്കടംതോന്നി അവൾ ഇവിടെനിന്നിരുന്നെങ്കിൽ എന്ന് എനിക്ക് തോന്നി.പക്ഷെ എനിക്ക് അതൊന്നും അല്ല സങ്കടം ഇവരുടെ ഫാമിന്റെ മുതലാളി ഭയങ്കരനാ അയാൾ സുന്ദരിയെയും കുടുംബത്തെയും ഇവിടെ നിന്ന് വിടാൻ പോവുകയാ സുന്ദരിയുടെ അമ്മയും അച്ഛനും നല്ല പണിക്കാരാ. പക്ഷെ വേറെ പണിക്കാര് വരുന്നതുകൊണ്ട് ഇവരെ വിടാൻ പോകുകയാണ് സുന്ദരിയെ ഞങ്ങളുടെ ഗ്രാമത്തിലെ എല്ലാവർക്കും വലിയ ഇഷ്ടമാണ്. പക്ഷേ എന്തു ചെയ്യാനാ സുന്ദരിയെ ആ മുതലാളി ചെറിയ കാര്യത്തിനു വരെ അടിക്കും. എല്ലാവരും അയാളോട് ചോദിക്കും നിങ്ങൾ എന്തിനാ അടിക്കുന്നത് എന്ന് പക്ഷേ അയാൾ ഇതൊന്നും കാര്യമാക്കിയില്ല ഞാൻ സുന്ദരി പോകുന്ന ദിവസം സങ്കടത്തോടെ നോക്കിനിന്നു. എന്നും സുന്ദരി വരും.

അങ്ങനെ സുന്ദരിയെ പറഞ്ഞു വിടുന്ന ദിവസമെത്തി. അവളും അച്ഛനും അമ്മയും അനിയനും യാത്ര പറയാൻ എന്റെ വീട്ടിൽ വന്നു. അവർ യാത്ര പറഞ്ഞിറങ്ങി പലവീടുകളിലും പോയി യാത്രപറഞ്ഞു. എന്റെ ഗ്രാമത്തിലെ എല്ലാവരും ഇവരുടെ യാത്ര നോക്കി നിന്നു. ഇപ്പോൾ നിരവധിവർഷങ്ങൾ കഴിഞ്ഞു എങ്കിലും സുന്ദരി ഞങ്ങളുടെ എല്ലാവരുടെയും മനസ്സിൽ നിറഞ്ഞ് നിൽക്കുന്നു.

# സഹിക്ക വയ്യാതെ

ആര്യനന്ദ പി യു
9 ഡി

ദൈവത്തിന്റെ സ്വന്തമാമെന്ന
സങ്കല്പിക്കമാം നാടെ ,എന്തു സംഭവിച്ചു,
നിൻമുഖം വാടിയതെന്തെ
പേമാരിക്കപ്പുറമെന്തോ വന്നു
നാശം വിതച്ചുപോയോ, കേരള
മിന്നുമൊത്തമായി മുങ്ങിമാറിയ
തെന്താ പൊന്നുദൈവമേ
സ്വപ്നങ്ങൾ കൊണ്ടൊരു കൊട്ടാരമുണ്ടാക്കി
ജീവിക്കാൻ
കേരനാടിന്റെ വന്നൊരു മാറ്റംകണ്ടു ഞാൻ
താടക്കു കൈനീട്ടി ഇരുന്നുപോയി
ലോകാധിലോകത്തിന്നാദ്യമായി വന്നൊരവസ്ഥയാണിതു
ക്രൂട്ടുകാരാ,
അലയുന്നു ജീവനുകൾ കുടിയില്ലാവസ്ത്രമില്ലാ
കിതക്കുന്നു ജീവൻ,
മരിച്ചുപൊന്തിയ മൃതദേഹത്തിന്റെ കാവലിനായി
മൃതദേഹങ്ങൾ കുഴിച്ചിടാൻ
പോലുമിന്ന് ഒരിതരി പച്ച മണ്ണില്ലാതെപോയ്
പ്രാർത്ഥിക്കാമിനിയുമൊരവസ്ഥ വന്നു
ചേരാതിരിക്കാൻ വേണ്ടി..

# കുടിയിറക്കപ്പെട്ടവന് കിട്ടിയ വരം



**അമൃത എ. എസ്**
**8 എ**

വീട്ടിലെ കയ്യേറ്റക്കാരുടെ പീഡനം സഹിക്കവയ്യാതെ അയാൾ റോഡിൽ വണ്ടി കാത്ത് നിൽക്കുകയാണ്. രക്ഷപ്പെടാൻ ഒരു ചെറുപ്പക്കാരൻ തന്റെ കാർ നിർത്തി, കേറിക്കോ ചേട്ടാ എന്ന് പറഞ്ഞു, ചേട്ടന്റെ പേരെന്താ.... രാഘവൻ . മോന്റെയോ? രുദ്രൻ. എങ്ങോട്ടാണ് പോകുന്നത് എന്ന് രാഘവൻ. അറിയില്ല മോനെ, ഞാനെന്റെ വീട്ടിൽ നിന്ന് രക്ഷപ്പട്ട് വന്നതാണ്. കയ്യേറ്റക്കാരുടെ ശല്യം സഹിക്കാൻ വയ്യാതെ. അവനൊന്നും മിണ്ടിയില്ല. രാഘവൻ ഓർത്തു, ഞാൻ കേറിയത് ബുദ്ധിമുട്ടായോ? അവൻ വണ്ടി നിർത്തി, ഒരു വല്യ വീട്ടിൽ അവൻ പറഞ്ഞു, ചേട്ടൻ വന്നോളൂ, ഇത് എന്റെ വീടാണ്. ഒരുപാട് പേരുണ്ടിവിടെ, എന്റെ കുടുംബം. ഇനി അവരൊക്കെയാണ് ചേട്ടന്റെ ബന്ധുക്കൾ. ഓക്കേ, ഞാനൊന്നും മിണ്ടിയില്ല. അവൻ എന്നെ അകത്തേക്കു കൊണ്ടുപോയി. ഒരു വല്യ മുറി കാണിച്ചിട്ട് പറഞ്ഞു ഇതാണ് ചേട്ടന്റെ മുറി. രാഘവൻ പറഞ്ഞു , ഈ മുറിയുടെ അത്ര വരില്യ എന്റെ വീട്, അത്  സാരല്യ ഇവിടെ തങ്ങാം സ്ഥിരമായിട്ട് , അവൻ ഒന്നും മിണ്ടിയില്ല. രുദ്രൻ പറഞ്ഞു ഇവിടെ നിന്നും എങ്ങും പോകരുത് . ഓ ഇല്ല , രാഘവന്റെ  മറുപടി. അവസാനം തിരിച്ചറിഞ്ഞു , തന്റെ ഭാര്യ മരിച്ചിട്ടില്ലെന്ന്, എങ്ങനെയായാലും ഇവിടെ ജീവിക്കാനുള്ള അർഹത നമുക്കില്ലായെന്നറിയാം. രുദ്രൻ പറഞ്ഞു. നിങ്ങൾ ഇവിടെ നിന്നും പോകരുത് കാരണം ഞാൻ നിങ്ങളുടെ മകനാണ് . മറുപടി കേട്ട് അവർ ഞെട്ടി. പിന്നീടാ വീട്ടിൽ സന്തോഷം കടന്നുവന്നു.

# ആറടി മണ്ണിനായി



കൃഷ്ണേന്ദു രാജേഷ്
9 ഡി

സമൂഹത്തിൽ എന്നും താഴ്ന്ന നിൽക്കുന്ന ഒരു ജനവിഭാഗമാണ് ഗോത്രജനത.കൂട്ടമായി താമസിച്ചിരുന്ന അവരുടെ ലോകമായിരുന്നു കിഴക്കുമല.സന്തോഷവും സമാധാനപൂർണ്ണവുമായിരുന്നു അവരുടെ ജീവിതവും ലോകവും .ഈ ജനതയെ നിയന്ത്രിക്കാനായി ഒരു തലവനുണ്ടായിരുന്നു.അദ്ദേഹമായിരുന്നു ബെള്ളു മൂപ്പൻ. മൂപ്പൻെറ നേതൃത്വത്തിലായിരുന്നു ആ ജനത താമസിച്ചിരുന്നത്. ആശുപത്രികളോ വിദ്യാലയങ്ങളോ ടാറിട്ട റോഡുകളോ ആ ഗ്രാമത്തിലുണ്ടായിരുന്നില്ല. വിദ്യാഭ്യാസമില്ലാത്ത ആളുകളായതിനാൽ പുറം നാടുകളുമായി അവർക്ക് ബന്ധമുണ്ടായിരുന്നില്ല. തനത് ഭാഷയുണ്ടായിരുന്ന അവർ അവരുടെ ആചാരങ്ങൾ അനുസരിച്ച് ജീവിച്ചു.

കിഴക്കുമല ഒരുൾപ്രദേശമായിരുന്നു.ആക്കാലം അവരുടെ ഒത്തൊരുമയുടെ നാളുകൾ ഉണ്ടായിരുന്നു.അങ്ങനെയിരിക്കെ അവരുടെയിടയിലേക്ക് അപരിചിതരായ രണ്ടാളുകൾ കടന്നുവന്നു. തങ്ങൾക്ക് ഈ നാടിനെകുറിച്ചും നാട്ടാരെക്കുറിച്ചും അറിയണമെന്ന ആവശ്യത്തോടെയാണ് അവർ എത്തിയിരുന്നത്. ഇവർ കോളേജ് വിദ്യാർത്ഥികളായിരുന്നു.ബെള്ളുമൂപ്പൻെറ നേതൃത്വത്തിൽ അവർ നാടിനെകുറിച്ചും നാട്ടാരെക്കുറിച്ചും അറിഞ്ഞു.തിരിച്ചു പോകുന്നതിനിടയിൽ അവർ ബെള്ളുമൂപ്പൻെറ വീട്ടിൽ നിന്നും ചിരട്ടകളിൽ ചായകുടിച്ചു. യാത്ര പറഞ്ഞവർ അവരുടെ നാട്ടിലേക്ക് തിരിച്ചു.അവർക്ക് ആ നാടും പരിസരവും വളരെ ആകർഷകമാകുകയും ഇഷ്ടപ്പെടുകയും ചെയ്തിരുന്നു. അന്നത്തെ കാലത്ത് കേരളത്തിൽ രാജവാഴ്ചയായിരുന്നു. കിഴക്കുമല ഇഷ്ടപ്പെട്ട വിദ്യാർത്ഥികൾ തങ്ങളുടെ രാജാവായ വർമ തമ്പുരാൻെറ അടുത്തെത്തുകയും കിഴക്കുമലയിൽ എത്തുകയും കിഴക്കുമലയുടെ ഭംഗി ആവിഷ്ക്കരിക്കുകയും ചെയ്തു.ഇതുകേട്ട ക്രൂരനായ വർമ്മ തമ്പുരാൻ കിഴക്കുമല തൻെറ സാമ്രാജ്യത്തിൻെറ ഭാഗമായി മാറണമെന്ന് തൻെറ ഭടന്മാരോട് ആജ്ഞാപിച്ചു. കേട്ടപാതി ഭടന്മാർ കിഴക്കു മലയിലേക്ക് യാത്ര

തിരിച്ചു. അവിടെയെത്തിയ ഭടന്മാർ അവിടുത്തെ നാട്ടുകാരുമായി സൗഹൃദത്തിലാവുകയും മെല്ലെ മെല്ലെ ഗോത്രജനതയുടെ ലോകമായ കിഴക്കുമല കൈയ്യടക്കാനും തുടങ്ങി. അവർ അവിടുത്തെ ആളുകളെ അടിമകളെ പോലെ പണിയെടുപ്പിച്ചു. വേതനമില്ലാത്ത അടിമപ്പണി. ആവശ്യമില്ലാതെ തല്ലുകയും ചെയ്തു. ഇതൊന്നും സഹിക്കവയ്യാതെ ഗോത്രജനത ബെള്ളു മൂപ്പന്റെ അരികിൽ ചെന്നു. സന്തോഷത്തിന്റെ സ്വർഗ്ഗമായിരുന്ന കിഴക്കുമല അന്നു മുതൽ ദുഃഖത്തിന്റെ ലോകമായി മാറി.സന്തോഷത്തിന്റെ മണമുള്ള മണ്ണിൽ കണ്ണീരുപ്പാണിന്ന്.അങ്ങനെ ബെള്ളു മൂപ്പന്റെ അടുത്തെത്തിയ അവർ ഉടൻ തന്നെ ഒരു യോഗം കൂടുകയും യുദ്ധത്തിന് തയ്യാറാകുകയും ചെയ്തു. ഇതു രഹസ്യമായി അറിയുകയും ഭടൻമാർ അവരുടെ സാമ്രാജ്യത്തിൽ നിന്ന് ഒരു യുദ്ധപ്പടയെ കിഴക്കുമലയിൽ എത്തിക്കുകയും ചെയ്തു.കിഴക്കുമലയിൽ യുദ്ധക്കളമൊരുങ്ങുകയും ചെയ്തു. ഗോത്രജനതയുടെ ആയുധങ്ങളേക്കാൾ മൂർച്ചയേറിയതും കാഠിന്യമേറിയതും ആയിരുന്ന വർമ്മ തമ്പുരാന്റെ പടയുടെ ആയുധങ്ങൾ.ഈ യുദ്ധത്തിനിടയിൽ ബെള്ളുമൂപ്പന്റെ സൈന്യത്തിൽ പലരും ഈ ലോകത്തോട് യാത്ര പറഞ്ഞു. ഭടന്മാരോട് ജയിക്കാൻ കഴിയാത്ത ഗോത്ര ജനതയോട് വർമ തമ്പുരാൻ ഈ കിഴക്കുമല വിട്ടിറങ്ങാൻ ആജ്ഞാപിച്ചു. വേറെയൊരു വഴിയുണ്ടില്ലാത്ത അവർ കണ്ണീരോടെ കിഴക്കുമല വിട്ടിറങ്ങി. ഇന്ന് അവർ ആറടി മണ്ണിനായി അലയുകയാണ്.

# നഷ്ടപ്പെട്ട ജീവിതം



രേണുക രമേശൻ
8 എഫ്

അന്ന് അത് സംഭവിച്ചു. സിനുവിന്റെ ജീവിതത്തിലെ ഏറ്റവും ഭീകരമായ ഒരു കാഴ്ചയായിരുന്നു അത്. അന്ന് തിങ്കളാഴ്ചയായിരുന്നു. സ്കൂളിൽ പോയിവന്നപ്പോൾ സിനു കണ്ടകാഴ്ച വളരെ ഭികരമാണ്. അന്ന് നല്ല മഴയും കാറ്റും മിന്നലും എല്ലാം ഉണ്ടായിരുന്നു. തന്റെ പ്രിയപ്പെട്ട അച്ഛനും, അമ്മയും,അച്ഛാച്ഛനും,അമ്മമ്മയും ആരുടെയും ശബ്ദം കേൾക്കുന്നില്ല. ആരെയും കാണുന്നുമില്ല.അവരുടെ വീട് ഒരു കുന്നിൻ മുകളിലായിരുന്നു. നല്ല സുന്ദരമായ വിടും, ചുറ്റുപാടുമായിരുന്നു അവിടം. സിനു നോക്കുമ്പോൾ തന്റെ സുന്ദരമായ വീടുപോലും അവിടെ ഉണ്ടായിരുന്നില്ല. അന്ന് സിനുവിന്റെ സ്കൂളിലെ കലോത്സവം ആയിരുന്നു. അവളുടെ കൈയ്യിൽ അമ്മയെ കാണിക്കാനുള്ള ഒരു സമ്മാനവും ഉണ്ടായിരുന്നു. അവൾ എല്ലാവരെയും വിളിച്ചുകൊണ്ട് പൊട്ടികരഞ്ഞു. അവളെ പഠിപ്പിക്കുന്ന ടീച്ചർ വന്ന് അവളെ സമാധാനിപ്പിച്ചിട്ടും അവൾ കരച്ചിലിൽ നിന്ന് വിടവാങ്ങിയില്ല.അത് വലിയ ഒരു ഉരുൾപ്പൊട്ടലായിരുന്നു.തന്റെ മനോഹരമായിരുന്ന വീട് വെറും ഓലകൊണ്ട് മേഞ്ഞതും മണ്ണ് കൊണ്ട് നിർമിച്ചതും ആയിരുന്നു. അവൾ പഠിക്കണം, പഠിച്ച് വലുതായി ജോലിചെയ്ത് ജീവിക്കണം എന്നായിരുന്നു അവളുടെ മാതാപിതാക്കളുടെ ആഗ്രഹം.അങ്ങനെ അവൾ അവിടെ നിന്നും എന്നെന്നേക്കുമായി കുടിയിറക്കപ്പെട്ടു.അവൾക്ക് ആരും ഇല്ലാതായി ആരും ആശ്രയമില്ലാതെ അവൾ കുടിയിറക്കപ്പെട്ടു. അന്ന് അവളുടെ ജീവിതം നഷ്ടപ്പെട്ടു.അന്നായിരുന്നു അവൾ ഏറ്റവും കുടുതൽ ഏങ്ങികരഞ്ഞത്.

# കുടിയിറക്കപ്പെട്ടവർ



ചന്ദന കൃഷ്ണ
9 എ

അവരുടെ കണ്ണുകളിലേക്ക് ഇരുട്ട് കേറുന്നതുപോലെ അവർക്ക് തോന്നി.ചുറ്റും കൂരിരുട്ട്എന്തുചെയ്യണമെന്ന് അവർക്ക് അറിയില്ല.പക്ഷേ ഒന്നറിയാം മഹാദുരന്തത്തിലേക്കാണ്അവർ പോകുന്നതെന്ന്. കണ്ണുകളിൽ നിന്ന് ഇറ്റിറ്റുവിഴുന്നകണ്ണീർ ജ്വാലകൾ.അവർസ്വന്തം വീട് നഷ്ടപ്പെട്ടവരാണ്.പട്ടിണിയും പരിവട്ടവും അവരെ പൊതിയുന്നു.ജീവിതത്തെ അവർ വെറുക്കുന്ന നിമിഷങ്ങളാണിപ്പോൾ.പിറകോട്ട് തിരിഞ്ഞുനോക്കിയാൽ ചങ്ക് പറയുന്നതുപോലെ.ചോരനീരാക്കി അധ്വാനിച്ചുണ്ടാക്കിയ ഓരോരുത്തരുടെയും വീടുകൾ ഇന്ന് ഇടിഞ്ഞുവീണുകഴിഞ്ഞു.മനസിനെ പരമാവധി പിടിച്ചുനിർത്താൻ അവർ ശ്രമിക്കുന്നു.പക്ഷേ ഈ സങ്കടനിമിഷം താങ്ങാവുന്നതിനും അപ്പുറമാണ്.എങ്ങോട്ട് പോകണമെന്ന് അവർക്ക്അറിയില്ല.മൊത്തം ഒരുതരം ശൂന്യത.അവർ ആ ശൂന്യതയിൽ നിന്ന് വെളിച്ചത്തിലേക്ക് പോകാൻ ശ്രമിക്കുന്നു. അവർ മുന്നോട്ട് നീങ്ങുന്നു. കാടിറങ്ങി പുഴ,കുന്ന് അങ്ങനെ അങ്ങനെ...
പക്ഷേ അവർക്ക് എത്ര മുന്നോട്ട് പോയിട്ടും വെളിച്ചത്തിലേക്കെത്താൻ സാധിക്കുന്നില്ല.
 പിന്നെയും തകർന്നുപോയ വീടിന്റെ മുഖമാണ് അവരുടെ മനസിൽ.അവരുടെ കയ്യിൽ ഒന്നുമില്ല.കാലിടറുന്നതുപോലെ അവർക്കുതോന്നി.പക്ഷേ അവർക്കറിയാം മുമ്പോട്ട് പോയേപറ്റൂ ഇല്ലെങ്കിൽ ഇതിലും വലുത് സംഭവിക്കുമെന്ന്.പ്രകൃതി അവരെ നോക്കി നിസ്സഹായയായി നിൽക്കുന്നതു പോലെ അവർക്ക് തോന്നുന്നു.അവരുടെ മനസ് മൊത്തത്തിൽ താളംതെറ്റിയത്പോലെ.വിശപ്പ് അവരെ തളർത്തിയിരുന്നു.പക്ഷേ അവരുടെകയ്യിൽ ഒന്നുമില്ല.പിന്നെയും അവർ മുമ്പോട്ടു നീങ്ങുന്നു വെളിച്ചത്തിലേക്ക് എത്താൻ കഴിയുമെന്ന പ്രതീക്ഷയിൽ.പക്ഷെ നീങ്ങുംതോറും പരാജയം മാത്രം.നീങ്ങി നീങ്ങി അവർ ഒരു പുഴക്കരയിലെത്തി. പുഴ കരകവിഞ്ഞ് അവരെ നോക്കി അട്ടഹസിക്കുന്നു.മരങ്ങൾ നിലം പതിച്ച് കരയുന്നു.പിന്നെയും ശൂന്യത തന്നെ. ഏകാഗ്രമായ മനസ്സോടെ പിന്നെയും അവർ മുമ്പോട്ട് തന്നെ.നടന്ന് നടന്ന് അവർ തളർന്നു.അല്പം വിശ്രമിക്കാം എന്നു കരുതിയെങ്കിലും അത് സാധിച്ചില്ല. പിന്നീട് അവർ വിചാരിച്ചു  ഇതിൽ നിന്ന് മോചനം ലഭിക്കുമെന്ന് അവർ പിന്നെയും മുമ്പോട്ട് നീങ്ങുന്നു. അപ്പോഴും തങ്ങളുടെ വീടിന്റെ മുഖം മാത്രം മനസ്സിൽ. അവർ പോകുന്നു കാടിറങ്ങി പുഴകടന്ന് തോടുതാണ്ടി അങ്ങനെ അങ്ങനെ അവിടെയും പ്രതീക്ഷയെ മുൻനിർത്തി മാത്രം.

# ഇനി എന്ത് ?



**അളകനന്ദ എ എം**
**10 ഇ**

മനസ്സിന്റെ വേമ്പൽതീരും മുമ്പേ ഞാൻ എത്തിപ്പെട്ടത് ഒരു വലിയ കുടുംബത്തിലെക്കായിരുന്നു.മനസ്സ് വളരെ നിശ ബ്ദമായി കണ്ണിൽ നിന്ന് അറിയാതെ കണ്ണുനീർ ഉറ്റിവീഴുന്നു.സഹായിക്കാനായി രമണിചേച്ചി അടുത്തുതന്നെ ഉണ്ടായിരുന്നു.

മുറുക്കികറപ്പിടിച്ച പല്ലുകൾ നരച്ചമുടിയും മുണ്ടും ബ്ലൗസും തോർത്തുമായിരുന്നു രമണിചേച്ചിയെ മറ്റുള്ളവരിൽനിന്ന് വ്യത്യാസപ്പെടുത്തിയിരുന്നത്. ഉറങ്ങിക്കിടക്കുമ്പോഴാണ് അപ്രതീക്ഷിതമായി മഴവെള്ളം വീടിനുചുറ്റും വളയമിട്ടത്.

കരച്ചിലും നിലവിളിയും കേട്ടാണ് കിടക്കയിൽ നിന്ന് ഞാൻ എഴുന്നേറ്റത്.പുറത്തിറങ്ങിനോക്കുമ്പോൾ ജീവനുംകൊണ്ട് ആൾക്കാർ പരക്കം ഓടുന്ന

കാഴ്ച്ച മനസ്സിനെ ആഴ്ത്തി സ്പർശിച്ചു.ആ കാഴ്ച്ച മനസ്സിൽ നിന്ന് മായുന്നില്ല.അവസാനം ഞാനും ആ ദുരന്തത്തിൽ പങ്കാളിയായിമാറി.ഞാനും എന്റെ രണ്ട് മക്കളും വീടുവിട്ട് പുറത്ത് കടന്ന് പെട്ടെന്ന് തന്നെ രക്ഷപ്പെട്ട് അടുത്തുള്ള ദുരിതാശ്വസ ക്യാമ്പിൽ എത്തിച്ചേർന്നു. മക്കളുടെ അച്ഛൻ അവരുടെ ചെറുപ്പത്തിൽ തന്നെ മരണപ്പെട്ടിരുന്നു.ആകെയുള്ള സമ്പാദ്യം വീടും സ്ഥലവുമായിരുന്നു.ഇനി ഞാൻ എന്ത് ചെയ്യും? മക്കൾ ചെറുപ്രായക്കാരാണ്. സ്വരുക്കൂട്ടിയതെല്ലാം ഒറ്റനിമിഷം കൊണ്ട് ഇല്ലാതായെന്ന് ഓർക്കുമ്പോൾ ഒരു സ്വപ്നം കണ്ടതുപോലെ. കൂലിപ്പണിയെടുത്ത് തുച്ഛമായ ശമ്പളത്തിൽ ജീവിതം മുന്നോട്ട് കൊണ്ടുപോയ ഞാൻ ഇനി എന്ത് ചെയ്യും.ഓർത്തിട്ട് മരണം മാത്രമെ ജീവിതത്തിൽ നിന്ന് രക്ഷപ്പെടാനുള്ള മാർഗം.അങ്ങനെ ചിന്തിച്ചിരിക്കുമ്പോഴാണ് ദുരിതാശ്വക്യാമ്പഗങ്ങളുടെ എണ്ണം കൂടികൂടിവരുന്നത്. കൂട്ടത്തിനിടയിൽ ഒരു സ്ത്രീ അലറിക്കരയുന്നു. അവളുടെ പേര് സാവിത്രി എന്നായിരുന്നു.കരച്ചിൽ കേട്ട് ഞാൻ ആ ഓട്ടത്തിനിടയിൽ പോയി കാര്യം

അന്വേഷിച്ചു.മനസ്സിനെ ആഴത്തിൽ കരയിപ്പിക്കുന്ന ആ വാർത്ത കാതിൽ മുഴങ്ങികിടന്നു.ഓട്ടത്തിനിടയിൽ അവളുടെ മകളെനഷ്ടപ്പെട്ടു എന്ന വാർത്തയായിരുന്നു അത്. അപ്പോഴാണ് ഞാൻ ഓർക്കുന്നത് എന്റെ ജീവനും മക്കളുടെ ജീവനും എനിക്ക് രക്ഷിക്കാൻകഴിഞ്ഞു അത് തന്നെ വലിയകാര്യം. ദുരിതാശ്വാസക്യാമ്പിൽ പലവീട്ടിൽ നിന്ന് വന്നവരാണെങ്കിലും ഞങ്ങളുടെ മനസ്സ് ഒന്നിച്ച് പ്രവർത്തിച്ചു. എന്നെ മരണചിന്തയിൽനിന്ന് രക്ഷിച്ചത് ആ അമ്മയുടെ കരച്ചിലാണ്.പക്ഷെ എന്നെ തളർത്തിയത് ദുരന്തത്തിന്റെ പാതയിൽ നിന്ന് എങ്ങനെ ഞാൻ ഉണർന്ന് പ്രവർത്തിക്കും?

# സ്വപ്നം



അതുല്യ പ്രശാന്ത്
8 എ

**കണ്ണു**കളിലേക്ക് ഇരുട്ട് കയറുന്നതുപോലെ അയാൾക്ക് തോന്നി . വരണ്ടുണങ്ങിയ പാടത്ത് അയാളും ആ പട്ട വൃദ്ധനും മാത്രം .എവിടെ നിന്നോ വന്ന ഒരിളം കാറ്റ് അയാളെ തലോടി കടന്നുപോയി. അയാളുടെ കണ്ണുകളിൽ തുളുമ്പി നിന്ന ഒരിറ്റു കണ്ണുനീർ നിലത്തേക്ക് ഇറ്റിറ്റു വീണു. ആനിമിഷം അയാൾ തൻെറ പഴയ കാലത്തേക്ക് പോയി. ആ ഓല മേഞ്ഞ വീട്ടിൽ അയാളും ലക്ഷ്മി മോളും മാത്രമായിരുന്നു താമസം. കൃഷിയിൽ നിന്ന് ലഭിക്കുന്ന ഏക വരുമാനം മാത്രമായിരുന്നുഅവരുടെ ജീവിതാശ്രയം. .അതുകൊണ്ട് അച്ഛൻെറ ബുദ്ധിമുട്ടുകൾ അറിഞ്ഞ ലക്ഷ്മി തൻെറ ഒരു ആഗ്രഹവും പറഞ്ഞ് അച്ഛൻെറ മനസ്സ് വേദനിപ്പിച്ചിരുന്നില്ല . മാത്രമല്ല പഠനത്തിലും ഒട്ടും പിറകിലായിരുന്നില്ല . എന്നും അച്ഛനോട് പറയുമായിരുന്നു ഞാനൊരു ഡോക്ടറാകുമെന്ന്. അന്ന് നമ്മുടെ കഷ്ടപ്പാട് തീരുമെന്നും അവളുടെ സ്വപ്നമായിരുന്നു. ഞാൻ ഡോക്ടറായി തൻെറ അച്ഛനെ പൊന്നു പോലെ സംരക്ഷിക്കുമെന്ന്. അതുകൊണ്ട് തന്നെ ഒരുചീത്ത കൂട്ടുകെട്ടിലും പെടാതെ അവളുടെ ശ്രദ്ധ മുഴുവൻ പഠനത്തിൽ മാത്രമായിരുന്നു.പ്ലസ്ടുവിന് മുഴുവൻ എ പ്ലസ്സ് വാങ്ങി അവൾ പാസ്സായി.അധ്യാപകരുടെ സഹായത്താൽ അവൾ എൻട്രൻസ് പരീക്ഷ ക്ക് പഠി ച്ച് ഒന്നാം റാങ്കും കരസ്ഥമാക്കി. തുടർ പഠനത്തിനാ യി ഏറെ കാശ് വേണ്ടി വരുമെന്ന് കേട്ട ലക്ഷ്മി ആകെ തളർന്നുപോയി. മകളെ മനസ്സിലാക്കിയ അച്ഛൻ ആശ്വസിപ്പിച്ചു.മോളെ , സ്വപ്നങ്ങൾക്ക് മീതെ കരിനിഴൽ വീഴാൻ ഞാൻ സമ്മതിക്കില്ല. മോളെ ഈ അച്ഛൻ പഠിപ്പിക്കും . നമ്മുടെ മണ്ണ് നമ്മളെ ചതിക്കില്ല.ലക്ഷ്മി ക്ക് ആശ്വാസമായി.പക്ഷേ , കാലവർഷം ചതിച്ചു.മഴ ഉണ്ടായില്ല. കൃഷിയെല്ലാം നശിച്ചു.മകളെ പഠിപ്പിക്കാൻ ഒരു വഴിയും കാണാതെ കലങ്ങിയ കണ്ണുകളോടെ പിടയുന്ന മനസ്സോടെ അയാൾ തീരുമാനിച്ചു.തൻെറ ജീവനായ് കരുതിയ മണ്ണ് വിൽക്കുകയല്ലാതെ മറ്റൊരു വഴിയും അയാളുടെ മുൻപിൽ ഉണ്ടായിരുന്നില്ല. മണ്ണിനേക്കാൾ വലുത് അയാളുടെ സ്വപ്ന ചിറകുകൾ മാത്രമായിരുന്നു.

# അറിയാതെ പോയ നാളുകൾ


നന്ദന ഇ . എസ്
10 ബി



മനോഹരമായ ഈ പുതു ദിനത്തിൽ എല്ലാവരും സന്തോഷിക്കുകയും ആഹ്ലാദിക്കുകയും പുതിയ പുതിയ കാര്യങ്ങൾ ചിന്തിക്കുകയും പ്രവർത്തിക്കുകയും ചെയ്യുകയാണ് . എന്നാൽ ഇവിടെ ഈനാലു ചുമരുകൾക്കിടയിൽ ഞാൻ തേങ്ങി തേങ്ങിക്കരയുകയാണ് . സമൂഹത്തിൽ നിന്നും , സ്നേഹിക്കുന്നവരിൽ നിന്നും തികച്ചും ഒറ്റപ്പെട്ടുപോയി ഞാൻ ഇന്നിടെ . കാലത്തിന്റെ വേദനിപ്പിക്കുന്ന ഒളിച്ചുകളികൾ മുഴുവൻ ഒരു പാവയെപ്പോലെ അനുഭവിച്ചുകൊണ്ടിരിക്കുകയാണ് . പത്ത് വർഷങ്ങൾക്കുമുന്പ് ഞാനൊരു തെറ്റുചെയ്തു . അത് ഒരു പെൺകുട്ടിയുടെ ജീവിതം തകർത്തു. എന്നാൽ ഞാൻ ഇങ്ങനെ ഒരു തെറ്റ് ചെയ്തിട്ടില്ലായെന്നെനിക്കറിയാം . എന്നാൽ എല്ലാവരും ആദുഷിച്ച കരങ്ങൾ എന്റേതാണെന്നും ഈ പെൺകുട്ടിയുടെ ഭാവിതുലച്ചത് ഞാനാണെന്ന് പറയുകയും ഞാൻ ഇത്രയും കാലം എന്റെ ജീവനെപ്പോലെ സ്നേഹിച്ചിരുന്ന , എന്റെ പെണ്ണ് ഗൗരിയിൽനിന്ന്കറ്റുകയും ചെയ്തു . അവർക്ക് എന്നെ കാണുന്നതും , എന്നോട് സംസാരിക്കുന്നതും എല്ലാം വെറുപ്പായി മാറുകയും , എന്നെ എന്റെ കുട്ടിക്കാലം മുതൽ വളർത്തി വലുതാക്കിയ എന്റമ്മയിൽനിന്നും , കുഞ്ഞു കുഞ്ഞു കുസൃതികൾ കാട്ടി എല്ലാവരെയും ചിരിപ്പിക്കുകയും , സന്തോഷിപ്പിക്കുകയും ചെയ്യുന്ന എന്റെ പ്രിയപ്പെട്ടവളായ കൊച്ചനുജത്തിയിൽ അവർ എന്നെ അകറ്റി. എന്റെകൂടെ ഓരോപ്രതിസന്ധിഘട്ടങ്ങളിലും തുണയായിരുന്ന എന്റെ കൂട്ടുകാർ എന്നിൽ നിന്നും അകന്നുപോകാൻ തുടങ്ങി. തികച്ചും എല്ലാവരിൽ നിന്നും ഒറ്റപ്പെട്ട ഞാൻ കാലത്തിന്റെ വേദനയാകുന്ന വിനോദത്തെ മുഴുവനായി ഏറ്റുനാങ്ങുകയായിരുന്നു . ആ ദിവസങ്ങളിൽ കുറച്ച് പോലീസുകാർ എന്റെ വീട്ടുമുന്നിൽ എത്തി. ഒട്ടും വൈകാതെ തന്നെ അവരെന്നെ അറസ്റ്റ് ചെയ്തു .പിന്നീടെന്നെ കോടതിയിൽ ഹാജരാക്കുകയും , ജയിലിൽ പത്ത് വർഷത്തെ തടവു ശിക്ഷയ്ക്ക് വിധേയനാവുകയും ചെയ്തു .

പത്ത് വർഷത്തിന് ശേഷം ഞാൻ തിരിച്ച് വന്നപ്പോൾ കണ്ടത്

അതിദയനീയമായ അവസ്ഥയായിരുന്നു . ആക്രമം മഴവൻ തീകത്തിയിറങ്ങുകയാണ് . ഒരിട<u>ത്തും</u> ഒന്നും കാണാനില്ല . തികച്ചും ശൂന്യമാണിവിടം . എന്താണ് കാര്യം എന്നന്വേഷിച്ചപ്പോൾ അവിടെ വലിയൊരു ഫൈവ് സ്റ്റാർ വരുന്നു , എന്നാണ് അറിയാൻ കഴിഞ്ഞത് . ഞാൻ പലയിടങ്ങളിലും അന്വേഷിച്ചു . എന്നാൽ എന്റമ്മയും അനുജത്തിയും എല്ലാവരുമെവിടെയാണെന്നറിയാൻ കഴിഞ്ഞില്ല . വളരെ ദയനീയമായി അവർ കുടിയിറക്കപ്പെട്ടതാണ് എന്നുമാത്രം അറിയാൻ കഴിഞ്ഞു . അവിടെനിന്ന് ഒരു വീട്ടിൽ ഞാൻ വാടകയ്ക്ക് താമസിച്ചു . ആവീട്ടിൽ നാല് ചുമരുകൾക്കുള്ളിൽ എല്ലാം നഷ്ടപ്പെട്ടവൻ എന്നപോലെയായിരുന്നു , ഞാൻ കഴിഞ്ഞത് . എത്ര ശ്രമിച്ചിട്ടും അവരെക്കുറിച്ച് ഒന്നും അറിയാൻ സാധിച്ചില്ല . ആകുടിയിറക്കത്തിൽ എല്ലാം നഷ്ടപ്പെട്ടവർ എവിടെയൊക്കെയോ കൂലിപ്പണി ചെയ്ത് ജീവിക്കുന്നു . എന്നാൽ അവരെല്ലാം എവിടെയാണെന്നറിവില്ല .



# ഞങ്ങടെ ഭൂമി



അപർണ പ്രഭ
10 ഇ

ഇനി എന്തു ചെയ്യും...ഏകാന്തതയുടെ ഉള്ളിലാണ് എന്റെ മനസ്സ്. സ്വാതന്ത്ര്യസമരകാലഘട്ടമാണിത്. ഗാന്ധിജിയും നെഹ്റുവും ചന്ദ്രബോസും അങ്ങനെ എല്ലാവരും സ്വാതന്ത്ര്യത്തിനുവേണ്ടി പോരാടുന്നു. കേരളത്തിലെ ഗ്രാമങ്ങളിലന്ന് ജന്മിത്വമാണ്. അടിമത്വത്തിൽ കഴിയുന്നവരാണ് ഞങ്ങളും.

പുഴയും മലയും എല്ലാമുള്ള സുന്ദരമായ ഞങ്ങളുടെ ഗ്രാമം. അടുത്തായി ഞങ്ങളുടെ എസ്റ്റേറ്റ്. എസ്റ്റേറ്റുടമ ഒരു സായിപ്പാണ്. ഞാനും എന്റെ കെട്ട്യോളും രണ്ട് മക്കളും അടങ്ങുന്നതാണെന്റെ കുടുംബം. രാമ എന്നാണ് എല്ലാവരുമെന്നെ വിളിക്കുന്നത്. എസ്റ്റേറ്റിൽ നിന്നും കൂലിയായി അഞ്ചണ കിട്ടും. കഞ്ഞിയും കുടിച്ച് എല്ലാ ദുഃഖവും സഹിച്ച് പോകുമ്പോൾ അങ്ങേലെ രാമൻ വന്നു പറഞ്ഞു-രാമാ നീയറിഞ്ഞോ...അങ്ങുള്ള കൈതപ്ര ഗ്രാമത്തെ ഒഴിപ്പിച്ചെന്ന്. അവിടെ ഒരു കമ്പനി വര്വാ പോലും. അടുത്ത് നമ്മളേയും ഒഴിപ്പിച്ചു.

ഞാൻ വീട്ടിലെത്തി.ചട്ടിയും കലവും എല്ലാം വെളിയിൽ... പൊട്ടലും ചീറ്റലും..പിന്നെ മനസ്സിലായി ഞങ്ങളേയും ഒഴിപ്പിച്ചെന്ന്. ഇനിയെന്ത് എന്ന ചോദ്യത്തിന് എനിക്കുത്തരമില്ല. അടിയാള വർഗത്തെ വിലയില്ലാതെ കാണുന്നവർ..... ഞങ്ങളുടെ ചോരയും വിയർപ്പും വീണ മണ്ണാണിത്.മറക്കരുത്. ശബ്ദമുയർന്നു. മാധവനാളൊരു നേതാവാണ്, പക്ഷെ എന്തുകാര്യം...സായിപ്പിന്റെ ഒരു വെടി.. അവിടെ തീർന്നു ആ ശബ്ദം.

പക്ഷേ ഞാൻ പിന്മാറിയില്ല. അന്ധതയിൽ നിന്ന് വെളിച്ചത്തിലേക്ക് ഞാൻ വന്നു. ലോകത്തെ തിരിച്ചറിഞ്ഞു. പോയതെല്ലാം ഇനി തിരിച്ചുവരില്ലെന്നറിയാം,എന്നാലും പോരാട്ടം സ്വാതന്ത്ര്യത്തിനുവേണ്ടി.... എന്റെ എല്ലാമെല്ലാമായ ഭൂമിക്കുവേണ്ടി
.. ഞങ്ങളുമിറങ്ങി.പട്ടിണിയിലും വയർ മുറുക്കിക്കെട്ടി ഇറങ്ങിത്തിരിച്ചു. കുട്ടികളും പങ്കുചേർന്നു.ദിവസങ്ങൾ പോകും തോറും ഓരോരുത്തരായി ഇല്ലാതായി. ഇതിന്റെ അവസാനമെന്ത്....പോരാട്ടം.....പോരാടണം. ഞങ്ങടെ ഭൂമി ഞങ്ങക്ക് വേണം.... എന്ന് പറഞ്ഞ് ഞാനും.

അടിയുമിടിയും കുറേ കിട്ടി. തീരെ വയ്യ. വയറ്റിലും ഒന്നുമില്ല.
ഇനിയും ആർക്കോ എന്തിനോ വേണ്ടി പോരാടി. അവസാനം ...
നീയാണല്ലോ ഇവരുടെ നേതാവ്   സായിപ്പ് ചോദിച്ചു. അതെ, ഞാൻ പോരാടും
ഞങ്ങടെ  ഭൂമിക്കു വേണ്ടി...സ്വാതന്ത്ര്യത്തിന് വേണ്ടി...ഞങ്ങടെ  ഭൂമി ഞങ്ങക്ക്
വേണം.... രാമ പറഞ്ഞു.
ഒരു വെടി...... എല്ലാം അവസാനിച്ചു.
അപ്പോഴും രാമ പറഞ്ഞു ഞങ്ങടെ ഭൂമി....


# അനാഥത്വം

ജസ്ന ബിജു
8 എ



ടിക്ക് ടിക്ക് ടിക്ക് സമയം ആറ്.അമ്മു ഉറക്കത്തിൽ നിന്നും മെല്ലെ പിൻവാങ്ങി.കണ്ണ്തിരുമ്മിയും വാ പൊളിച്ചും അവൾ കട്ടിലിൽ നിന്നും എഴുന്നേറ്റ് അലറാം ഓഫാക്കി.മെല്ലെ മെല്ലെ നടന്ന് അവൾ മുൻ വശത്തെ വാതിലിനടുത്ത് എത്തി.അവൾ സാവധാനം വാതിൽ തുറന്നു.വാതിൽ തുറന്നപ്പോഴുള്ള ആ മൂടൽ മഞ്ഞിന്റെ തണുപ്പ് അമ്മുവിന്റെ ശരീരത്തിലെ ഓരോഭാഗത്തേക്കും തുളച്ചുകയറി.തണുപ്പ് വകവെക്കാതെ അവൾ മെല്ലെ മു റ്റത്തേക്ക് ഇറങ്ങി നീലാകാശത്ത് വെള്ള പുതച്ചതുപോലെ തെളിഞ്ഞു നിൽക്കുന്ന മേഘങ്ങളും തന്നെ അകലെ നിന്ന് എത്തിനോക്കുന്ന സൂര്യനെയും കണ്ട് അമ്മുഒരുനിമിഷം വാചാലയായി കൂട്ടിൽ നിന്നും ഭക്ഷണം തേടി പുറപ്പെടുന്ന പക്ഷികളും കണ്ണു ചിമ്മി ചിമ്മി ലോകത്തേക്ക് കണ്ണു തുറന്നുവരുന്ന പൂക്കളേയും തന്നെ പുഞ്ചിരിച്ചുകൊണ്ട് നോക്കി നിൽക്കുന്ന പൂക്കളും അവളെ സന്തോഷത്തിന്റെ വളകൾ അണിയിച്ചു.ഒരു നിമിഷത്തേക്ക് അവൾ തന്നെ ഈ മനോഹരമായ കാഴ്ച്ച തന്നതിന് ദൈവത്തോട് നന്ദി പറഞ്ഞു.അങ്ങനെ ഈ കാഴ്ച്ച കണ്ടുനിൽക്കവെ പെട്ടന്നൊരു നിശബ്ദത.അവൾ ചുറ്റും നോക്കി.അവളിൽ പെട്ടന്നൊരു ഏകാന്തത അനുഭവപ്പെട്ടു.പെട്ടന്ന് അമ്മുവിന്റെ കാതിൽ ആ ശബ്ദം കേട്ടു.അവൾ ശബ്ദം കേട്ട ഭാഗത്തേക്ക് ഓടി.അമ്മു നോക്കുമ്പോൾ ഒരു ചെറിയ കിളി താഴെ വീണു കിടക്കുന്നു.അവൾ തന്റെ ആ ഇളം കൈകൾ കൊണ്ട് ആ കിളിയെ വാരിയെടുത്തു.ആ കിളിയുടെ കണ്ണിൽ പേടിയുടെ വിത്തുകൾ മുളക്കുന്നതു അവൾ കണ്ടു.അവൾ ആ കിളിക്ക് എന്ത് സംഭവിച്ചതാണെന്ന് അമ്മുവിന് അറിയില്ല.എങ്കിലും കുറച്ച് കഴിഞ്ഞപ്പോൾ കുറേ കിളികൾ വന്ന് അവളോട്

എന്തൊക്കയോ പറയുന്നുവെന്ന് അവൾക്ക് തോന്നി.എങ്കിലും എന്നെങ്കിലും ആകിളിയെ കണ്ടുമുട്ടുമെന്ന് അമ്മുവിന് ഉറപ്പായിരുന്നു.ഈ സംഭവത്തോടെ അമ്മുവിന് ഒരു കാര്യം മനസിലായി.ഒരു കൈ സഹായമുണ്ടെങ്കിൽ ആരും ഈ ലോകത്തിൽ ഒറ്റപ്പെടില്ലെന്ന് .നമുക്ക് ചുറ്റുംആ കിളിയെപ്പോലെ ചലനമറ്റു കിടക്കുന്ന കുറേ പേരുണ്ട് . അച്ഛനില്ലാത്ത അമ്മയില്ലാത്ത ആരുമില്ലാത്ത അനാഥരായിപ്പോയ കുറേപ്പേരെ അമ്മുവിനെപ്പോലെ അവരെയും നമ്മുടെ ആത്മാർത്ഥ സുഹൃത്തുക്കളായികാണാം



# അങ്ങനെ നീലാംബരി സ്വപ്നമായി .......

അഫ്സീന ടി എസ്
9 എ



ഭൂമിയുടെയും ആകാശത്തിൻെറയും മടിത്തട്ടിൽ വർണ്ണഭംഗി ഉയർത്തികാട്ടി ഞാനിവിടെയുണ്ടേ എന്ന മട്ടിൽ നില്കുന്ന ഒരു സുന്ദരമായ ഗ്രാമമാണ് നീലാംബരി.ഏകദേശം ഒരു നൂറ് കുടുംബങ്ങൾ അവിടെ അന്തിയുറങ്ങുന്നുണ്ടാവും. ഗ്രാമത്തിൻെറ ഭംഗിയെന്നപോലെ കളകള നാദം പാടി കൊണ്ട് ഒഴുകുന്ന സുന്ദരമായ നീലാംബരി നദി. ഇതുകൊണ്ടാണ്ഈ പേര് ഗ്രാമത്തിന്റെ സ്വന്തം പേരായി മാറിയത്.ഗ്രാമത്തിന് കാവലായ് നില്ക്കുന്നതുപോലെ ഒരുപാട് മലകളും .അതിലൊരു മലമുകളിൽ ഗ്രാമത്തിനെ കാക്കുന്ന ഗ്രാമവാസികളുടെ വിശ്വാസമായ ശിവക്ഷേത്രം .

എല്ലാവരും വളരെ ഐക്യത്തോടും സമാധാനത്തോടെയും ജീവിച്ചു. കൃഷികൊണ്ടാണ് പകുതി കുടുംബവും ജീവിതം പുലർത്തുന്നത്.ഗ്രാമത്തിൽ ഒരു ചായക്കടയുണ്ട്. അതെല്ലാവർക്കുമാണ്.അതു നടത്തുന്നത് അവിടുത്തെ ഒരു പാവപ്പെട്ട ഗ്രാമവാസിയായ ഗോപിയാണ്. ഒരു ദിവസം രാവിലെ ചായ കുടിക്കാനെത്തിയ നാരായണേട്ടന് അന്നവിടെ ഒരപരിചിതനെ കാണാനിടയായി.ചായ കുടിച്ചുകൊണ്ടിരിക്കേ അദ്ദേഹം അവരെ പരിചയപ്പെട്ടു.

"നിങ്ങളെവിടുന്നാ ഇവിടെയെങ്ങും ഇതിനു മുൻപ് കണ്ടിട്ടില്ലല്ലോ-”

"ഞാൻ ആനന്ദ്കുമാർ ഇവിടെ തൊട്ടടുത്തുള്ള നഗരത്തിലാണ് താമസം.കുറച്ചുനാളായി ഇവിടെ താമസം തുടങ്ങിയിട്ട്. “

"എന്താണ് വിശേഷിച്ച്."

"ഞാനിവിടെ ഒരു സ്ഥലം നോക്കാൻ വന്നതാണ്."

"എന്തിനാ "

"ഞാനൊരു ഓഫീസറാണ് .ഇവിടെ ഒരു റിസോട്ട് തുടങ്ങുന്നതിനുള്ള കാര്യങ്ങൾ അന്വേഷിക്കാനും എല്ലാകാര്യങ്ങളും നോക്കി നടത്താനും വേണ്ടി വന്നതാണ്."

"ഇവിടെയോ

ഇവിടെ എന്തിനാണ് ഒരു റിസോർട്ടിൻെറ ആവശ്യം "

"സുഹൃത്തേ വളരെ ഭംഗിയുള്ള പച്ചപ്പ് നിറഞ്ഞ് കിടക്കുന്ന ഒരു ഗ്രാമമാണിത്. കൂടാതെ നല്ല തെളിഞ്ഞ ജലം ഒഴുകുന്ന ഒരു പുഴയുമുണ്ട് .ഇവിടെ ഏകദേശം ഒരു നൂറേക്കറോളം സ്ഥലം ഞങ്ങളെടുക്കുകയും അവിടെ ഒരു പത്തൻപത് നിലകളുള്ള ഒരു റിസോർട്ട് .അതിലെല്ലാവിധ സൗകര്യങ്ങളു മുണ്ടാകും .അതിൻെറ മുകളിൽ നിന്ന് നോക്കിയാൽ ഈ പുഴയും ഗ്രാമവും വളരെ ഭംഗിയായി കാണുകയും ചെയ്യും .അതിലേക്ക് വേണ്ട ഭക്ഷണം മറ്റ് സാധനങ്ങൾ അതിനു വേണ്ടിയുള്ള ഒരു ഹോട്ടലും വേണം . പിന്നെ ഈ വഴി വരുന്ന എല്ലാ വീടുകളും നമ്മൾ പൊളിച്ചുകളയും" .

"എന്താനാണിതൊക്കെ? ആരാണിതിൽ താമസിക്കുന്നത്.ഈഗ്രാമവാസികളോട് കാര്യം ചോദിച്ചോ?"

"സോറി മിസ്ററർ, ഇതുതുടങ്ങുന്നത് ധനികനായ ദീക്ഷിത് എന്നയാളാണ് .അദ്ദേഹത്തിന് ആരുടെയും സമ്മതം വേണ്ട.നാളെ തന്നെ പണി തുടങ്ങും ഈവഴി വരുന്ന വീട്ടുകാരെയെല്ലാം കുടിയൊഴിപ്പിക്കും."

ഗ്രാമവാസികൾ വിവരമറിഞ്ഞ് ആശങ്കയിലായി.അവരുടെ കുടിയൊഴിപ്പിക്കലിനെയും ഗ്രാമത്തിൻെറ അവസ്ഥയെകുറിച്ചുമോർത്തു.പണികൾ തുടങ്ങി. ഗ്രാമം പതിയെ പതിയെ നഗരമായി.അങ്ങനെ അവർ ഓരോരുത്തരായി കുടിയിറങ്ങാൻ തുടങ്ങി.

# നീറുന്ന വേദനകൾ



ദേവിക കൃഷ്ണ.എം
**10:B**

അതിമനോഹരമായ ഗ്രാമപ്രകൃതിയുടെ എല്ലാ സൗന്ദര്യവും നിറഞ്ഞ് നിൽക്കുന്ന ഹരിതാഭമായ ഗ്രാമം.സന്തോഷത്തിന്റെയും സങ്കടങ്ങളുടെയും ഗ്രാമം.പക്ഷി മൃഗാദികളുടെയും സംഗമത്തിന്റെ ഗ്രാമം എല്ലാം കൊണ്ടും അതി സുന്ദരമായ ഗ്രാമമായിരുന്നു അത്.എല്ലാവരുടെയും പ്രതീക്ഷകളും അവിടെ തന്നെയായിരുന്നു.എല്ലാവരും ഒത്തൊരുമിച്ച് സന്തോഷത്തോടെ കഴിഞ്ഞിരുന്ന ഗ്രാമത്തിൽ ഒരു പുതിയ പ്രശ്നം നേരിടേണ്ടി വന്നു.ആ ഗ്രാമത്തിൽ അതാ ഒരു ഫാക്ടറി വരാൻ പോവുകയാണ്.എല്ലാവരും ഉടൻ തന്നെ ആ ഗ്രാമം വിട്ട് പോകേണ്ടതാണെന്ന് ആ ഫാക്ടറി ഉടമസ്ഥൻ പറഞ്ഞു. അപ്പോൾ ഗ്രാമ തലവൻ പറഞ്ഞു ഞങ്ങൾ ഇവിടെ നിന്ന് ഒരിടത്തേക്കും പോകുന്നതല്ല.ഞങ്ങളുടെ ജീവിതവും ജീവനും എല്ലാം ഇവിടെ തന്നെയാണ്. നിങ്ങൾക്ക് ഞങ്ങളെ ഇവിടെ നിന്നും ഒഴപ്പിക്കാൻ കഴിയുന്നതല്ല.നിങ്ങൾക്ക് വേണമെങ്കിൽ വേറെ ഗ്രാമം അന്വേഷിച്ച് പോകാവുന്നതാണ് .പക്ഷേ ഫാക്ടറി ഉടമസ്ഥൻ പറഞ്ഞു എന്റെ ഭാവനയിൽ ഫാക്ടറി പണിയാൻ കഴിയുന്ന മനോഹരമായ ഗ്രാമം തന്നെയാണ് ഇത്.നിങ്ങൾക്ക് ഞാൻ എത്ര പണം വേണമെങ്കിലും തരാം. നിങ്ങൾ ഇവിടെ നിന്ന് വേഗം തന്നെ പോകേണ്ടതാണ്.ഗ്രാമ തലവൻ പറഞ്ഞു- അധ്വാനിച്ച് കിട്ടുന്ന പണം മാത്രം മതി ഞങ്ങൾക്ക്.അതുകൊണ്ട് ഞങ്ങൾക്ക് ഈ പണം ആവശ്യമല്ല.ഉടമസ്ഥൻ പറഞ്ഞു- നിങ്ങൾക്ക് പണം വേണ്ടെങ്കിൽ വേണ്ട പക്ഷേ ഞാൻ അടുത്ത ദിവസം വരുമ്പോൾ ഇവിടെ നിന്ന് ഒഴിഞ്ഞ് പോയികൊള്ളണം.പക്ഷേ ആരും അത് മുഖവിലെക്ക് എടുത്തില്ല.പിറ്റേന്ന് ഉടമസ്ഥൻ വന്ന് ചോദിച്ചു ആർക്കെങ്കിലും ഇവിടെ നിന്ന് പോകുവാൻ താൽപര്യമുണ്ടെങ്കിൽ രക്ഷപ്പെടാം-എല്ലാവരും തലകുനിച്ചു.ഉടമസ്ഥൻ പറഞ്ഞു നിങ്ങൾ ഇവിടെനിന്നും പോകുവാൻ സമ്മതിക്കാത്തതുകൊണ്ട് ഈ ഗ്രാമ പ്രദേശമൊക്കെ തീയിട്ട് നശിപ്പിക്കാൻ പോവുകയാണ്. ജീവൻ വേണ്ടവർ ഇവിടെ നിന്നും പോയി കൊള്ളുക.ഗ്രാമതലവൻ പറഞ്ഞു.ഇത്രയും കാലം ഇവിടെയാണ് ഞങ്ങളുടെ ജനനവും

മരണവും. അതുകൊണ്ട് തന്നെ ഞങ്ങളെ ഇവിടെ തന്നെ കൊല്ലുന്നതാണ് നിങ്ങൾക്ക് നല്ലത്.ഇത്രയും അഹങ്കാരമോ ഇവർക്ക് ഉടമസ്ഥൻ പറഞ്ഞു. ഇവരെ കൊന്നാൽ ഇവർക്ക് വേദനിക്കുന്നതല്ല.അതിനാൽ ഇവരുടെ കുട്ടികളെ കൊന്നാൽ മതി.എല്ലാവരും അപ്പോൾ പഠിച്ചു കൊള്ളും.അവർ പറഞ്ഞപോലെ ചെയ്തു.ആ പിഞ്ചു കുഞ്ഞുങ്ങളെ കൊന്നുകളഞ്ഞു.തന്റെ മക്കളെയും ഇവർ ഇപ്പോൾ കൊല്ലും എന്ന ചിന്തയിൽ പലരും പല വഴിക്കായി രക്ഷപ്പെട്ട് ഓടുവാൻ തുടങ്ങി.ഒടുവിൽ ഉടമസ്ഥൻ ആ ഗ്രാമമൊക്കെ തീയിട്ട് നശിപ്പിച്ച് അവിടെ ഒരു ഫാക്ടറി പണിതു.ഇന്നും മായാത്ത ഓർമകളുമായി ആ ഗ്രാമം അവരെ അന്വേഷിച്ചു കൊണ്ടിരിക്കുന്നു.

# അവർ അനാഥർ



**ദേവനന്ദ പി. കെ**

**8 A**

അന്ന് രാത്രി ബസ്സിൽനിന്നും ആകാശത്തിൽ മിന്നിത്തിളങ്ങുന്ന താരാജാങ്ങളെയും എന്നോടൊപ്പം സഞ്ചരിക്കുന്ന വെൺതിളകത്തിൽ താരോജ്വാലനായി നിൽക്കുന്ന പൂർണ്ണചന്ദ്രനനെയും നോക്കികൊണ്ടിരിക്കുമ്പോഴാണ് ഞാൻ ആ കുട്ടികളെ ആദ്യമായി ആ വഴിയോരത്തെ റോഡിനരികിൽ വച്ച് കാണുന്നത്.ഇരുവരും ഒറ്റക്കായിരുന്നതിനാൽ ക്ഷണത്തിൽ തന്നെ എന്റെ ശ്രദ്ധയിൽപ്പെട്ടു. ആ ധൃതിയിൽ ഒരു കാര്യം ഞാൻ വിസ്മരിച്ചു എനിക്കിറങ്ങുവാനുള്ള സ്റ്റോപ്പ് എത്തിയിരുന്നു. വർഷങ്ങൾക്കുശേഷം രാജസ്ഥാനിലെ ചുട്ടുപൊള്ളുന്ന മരുഭൂമിയിൽ നിന്നും പ്രകൃതി രമണീയമായ എന്റെ നാട്ടിലേക്ക്. ആദ്യം തറവാട്ടിലേക്ക് പിന്നീട് ഇവിടെ തന്നെയെങ്കിലും ജോലികിട്ടുമോ എന്നന്വേഷിക്കണം. ഇതിനൊക്കെ എവിടുന്ന് നേരം. ഇപ്പോൾ നല്ല ഉറക്കക്ഷീണമുണ്ട് ആദ്യം ആരോടും ഒന്നും പറയാതെ പോയികിടന്നുറങ്ങാം .ബാക്കി നാളെ രാവിലയല്ലെ . ഞാൻ തറവാട്ടുമുറ്റത്തെത്തി അച്ഛൻ ഇല്ലാത്ത വേദന എന്റെ മനസ്സിലുണ്ട്. വീട് ഉറന്ന് അമ്മ പുറത്തുവന്നു. അച്ഛന്റെ മരണവാർത്തയറിഞ്ഞിട്ടും എനിക്ക് അവിടെ നിന്നും വരുവാൻ പറ്റിയില്ല. എങ്കിലും അമ്മയ്ക്ക് ഈ വേദനയെല്ലാം മനസ്സിൽ മാത്രമേയുള്ളു .ഞാൻ വിഷമിക്കുമോ എന്ന് കരുതി അമ്മ അതൊന്നും പുറത്തു കാട്ടിയില്ല. വീടിനകത്തുകേറിയയുടൻ കുളിച്ച് വന്ന് അമ്മ എനിക്കു ഭക്ഷണം ഉണ്ടാക്കി തന്നു. അതിനുശേഷം ഞാൻ ഉറങ്ങി .ഇതിനെല്ലാമിടയിലും ആ കുട്ടികൾ ആരായെന്ന് എന്റെ മനസ്സിൽ അറിയുവാനുള്ള ആഗ്രഹമുണ്ടായിരുന്നു. ഞാൻ ഉറക്കകത്തിലേക്ക് ആണ്ട് പോയി. അങ്ങനെയിരിക്കെ പ്രതീക്ഷയുടെയും ആകാംക്ഷയുടെയും ഒരു പുതുസുപ്രഭാതം വരവായി . വീട്ടിലെ മാവിൻകൊമ്പത്തുനിന്നും എന്നും കരയുന്ന കുയിൽ എന്നെമറക്കാതെ ഇന്നും എന്നെ വിളിച്ചുണർത്തി. ഞാൻ അമ്മയുടെ അടുക്കൽ ചെന്നു. ആരാണാ കുട്ടികൾ എന്ന് തിരക്കി.അമ്മയുടെ മറുപടികേട്ട് എന്റെ ജീവനറ്റുവീഴുന്നതുപോലെ എനിക്ക് തോന്നി

.അച്ഛനും അമ്മയുമില്ല ഉറ്റവരും ചങ്ങാതിമാരും ഇല്ലാത്ത രണ്ട് അനാഥബാലകൻമാർ. അന്നത്തെ ഭക്ഷണത്തിനു വേണ്ടി ചായകടയിലെയും ഹോട്ടലിലെയുമെല്ലാം എച്ചിൽപാത്രം കഴുകി ജീവിക്കുന്നു. അകലെയുള്ള ഒരു ചെറ്റക്കുടിലിലാണത്രെ താമസം അതും കൊടും കാട്ടിനരികിൽ. ഞാൻ കവലയിൽ ചെന്ന് അവരെപറ്റി കൂടുതലായി അന്വേഷിച്ചു. അനാഥനല്ലായെങ്കിലും അനാഥത്വത്തിൻ വേദനയറിയുന്നവനാണ് ഞാൻ. ഞാൻ അവർക്കായി കുറച്ചധികം അരിയും സാധനങ്ങളുമെല്ലാം വാങ്ങികൊണ്ടുപോയി അന്നേരം ഇരുവരും വീട്ടിൽ തന്നെയുണ്ടായിരുന്നു. എത്ര നിർഭയമായ ഒരവസ്ഥയാണത്. ഞാൻ അനുഭവിച്ചതിനേക്കാൾ കഠിനം. എന്റെ കണ്ണുകൾ നിറഞ്ഞു പോയി . അതികഠിനമായ ദാരിദ്ര്യം. ഞാൻ അവരെകണ്ടു ആ സാധനങ്ങൾ കൊടുക്കാൻ ശ്രമിച്ചു .വളരെ യേറെ നിർബന്ധിച്ചു എങ്കിലും അവർ അത് വാങ്ങിയില്ല. കാരണം മരിക്കുന്നതിനുമുമ്പ് അച്ചൻ പറഞ്ഞിരുന്നുവത്രെ മറ്റുള്ളവർ തരുന്ന സാധനങ്ങൾ വാങ്ങരുതെന്ന്. ഞാൻ ചിന്തിച്ചു നമ്മളാരുമല്ല ആ കൊച്ചുബാലകൻമാരാണ് യഥാർത്ഥമായും മഹത്വത്തിനർഹർ. പിന്നീട് അവരെ നിർബന്ധിച്ച് ഞാൻ എന്റെ വീട്ടീൽ കൂട്ടികൊണ്ട് പോയി വളർത്തി.

# പോയ ദിനങ്ങളിലൂടെ........
































# ലിറ്റിൽ കൈറ്റ്സ് പ്രവർത്തനങ്ങളിലൂടെ....















